# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കടനാട് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001

ഇ-മെയിൽ: doktm.ksad@kerala.gov.in

ഫോൺ : 0481-2564886

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെഎസ്എകെടിഎം7/457/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയ്യതി: 31/03/2023
ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ: 0481-2564886

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കടനാട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കടനാട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കടനാട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെഎസ്എകെടിഎം7/457/2023 തീയ്യതി: 31/03/2023

## കോട്ടയം ജില്ലയിലെ കടനാട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ കടനാട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-03-2021 മുതൽ 31-12-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 23 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 20 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 23-03-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ബീനാകുമാരി സി.ആർ. | ഡെപ്യൂട്ടി ഡയറക്ടർ | 17-03-2023 | 23-03-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 17-03-2023 | 23-03-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

മായ ആർ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)
ഷാന്റി ജോർജ്ജ്, അസി.ഓഡിറ്റ് ഓഫീസർ
അഗസ്റ്റിൻ സി. തേവർകുന്നേൽ, ഓഡിറ്റർ
ബീനാകുമാരി റ്റി.വി, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ഉഷാ രാജു | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ.ഡി.അനിൽകുമാർ | സെക്രട്ടറി | 01-04-2021 | 12-10-2021 |
| ശ്രീ.ലിജോ ജോബ് | സെക്രട്ടറി | 13-10-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.പോൾ ബേബി സാമുവൽ | അസി.സെക്രട്ടറി | 01-04-2021 | 31-03-2022 |
| ശ്രീ.അജ്മൽ പി.എം. | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ഡോ.സുനിൽ വി.ബി. | വെറ്ററിനറി സർജൻ | 01-04-2021 | 31-03-2022 |
| ശ്രീമതി സുഷ ഹരി | വി.ഇ.ഒ. | 01-04-2021 | 31-03-2022 |
| ശ്രീമതി അംബിക ജി. | വി.ഇ.ഒ. | 01-04-2021 | 31-03-2022 |
| ശ്രീമതി സുജാത വി.ബി. | ഹെഡ്മിസ്ട്രസ്, എൽ,പി,സ്കൂൾ | 01-04-2021 | 31-03-2022 |
| ഡോ.അന്ന ജോർജ്ജ് | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-04-2021 | 31-03-2022 |
| ഡോ.വിവേക് മാത്യു | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | 01-04-2021 | 31-03-2022 |
| ശ്രീമതി മെറീന തോമസ് | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2021 | 25-12-2021 |
| ശ്രീമതി നസീമ ഇ. | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 26-12-2021 | 31-03-2022 |
| ശ്രീമതി ധനലക്ഷ്മി എസ്. | അസി.എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ശ്രീ.ലിബീഷ് മാത്യു | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2021 | 19-04-2021 |
| ശ്രീ.രെവീണ രവി | ഡയറി ഫാം ഇൻസ്ട്രക്ടർ | 20-04-2021 | 31-03-2022 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതിഅവലോകനം | 1-5 |
| 6 | തൊഴിലുറപ്പുപദ്ധതി | 1-6 |
| 7 | ക്ഷേമ പദ്ധതികൾ | 1-7 |
| 8 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണ സംവിധാനം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വസ്തു നികുതിയിളവിന് അർഹതയില്ലാത്ത കെട്ടിടങ്ങൾക്ക് നികുതിയിളവ് നൽകിയിരിക്കുന്നു | 1-11 |
| 12 | വലിയ കെട്ടിടം വിഭജിച്ച് നികുതി നിർണ്ണയിച്ചതിനാൽ മേൽത്തരം തറ നിർമ്മിതിയുടെ അടിസ്ഥാനത്തിലുള്ള നികുതി വർദ്ധനവ് കണക്കാക്കിയില്ല | 1-12 |
| 13 | സമീപകെട്ടിടങ്ങൾക്ക് വ്യത്യസ്ത മേഖലയുടെ അടിസ്ഥാനത്തിൽ വസ്തു നികുതി നിർണ്ണയം നടത്തിയിരിക്കുന്നു | 1-13 |
| 14 | ഒരേ കെട്ടിടത്തിന്റെ വിവിധ മുറികൾക്ക് വ്യത്യസ്ത നമ്പറുകൾ നല്കി വസ്തു നികുതി നിർണ്ണയിച്ചതു മൂലം നികുതിയിനത്തിൽ നഷ്ടം | 1-14 |
| 15 | ഒരേ റോഡ് തന്നെ വിവിധ രീതികളിൽ വിവിധ കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയത്തിനായി പരിഗണിച്ചിരിക്കുന്നു | 1-15 |
| 16 | വ്യത്യസ്ത ഉപയോഗങ്ങൾക്കായി വസ്തുനികുതി നിർണ്ണയിച്ച ശേഷം കെട്ടിടങ്ങൾ മറ്റ് ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നു | 1-16 |
| 17 | മൊബൈൽ ടവറുകളുടെ വസ്തു നികുതി ഈടാക്കിയിട്ടില്ല | 1-17 |
| 18 | തൊഴിൽ നികുതി അടവാക്കേണ്ടതാണ് | 1-18 |
| 19 | ഒപ്റ്റിക്കൽ ഫൈബർ കേബിൾ സ്ഥാപിക്കൽ- റസ്റ്റോറേഷൻ ചാർജ് കണക്കാക്കിയതിൽ കുറവ് | 1-19 |
| 20 | ബിൽ രജിസ്റ്റർ പരിപാലനം തൃപ്തികരമല്ല | 1-20-1 |
| 21 | ഡെപോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ സൂക്ഷിപ്പിൽ അപാകത | 1-20-2 |
| 22 | വഴിയോര വിശ്രമ കേന്ദ്രം -ഇൻസിനറേറ്റർ പ്രവർത്തനസജ്ജമായില്ല | 1-21 |
| 23 | പ്രേരക് മാർക്ക് നൽകിയ ഓണറേറിയം തുക തിരികെ ഈടാക്കേണ്ടതാണ്. | 1-22 |
| 24 | തിരിച്ചടവ് പൂർത്തിയായ ലോൺ അക്കൗണ്ടുകൾ ക്ലോസ് ചെയ്യേണ്ടതാണ്. | 1-23 |

| | | |
|---|---|---|
| 25 | യുപിഎസ് വാങ്ങൽ- സ്രോതസ്സിൽ നിന്നും കിഴിവ് ചെയ്യേണ്ട ജിഎസ് ടി ഈടാക്കിയില്ല | 1-24 |
| 26 | തെരുവുവിളക്കുകളുടെ സംരക്ഷണം-പ്രൊജക്റ്റ് നടത്തിപ്പിലെ അപാകതകൾ | 1-25 |
| 27 | വിട്ടുകിട്ടിയ സ്ഥാപനങ്ങൾക്ക് ഫർണീച്ചർ വാങ്ങൽ -വിതരണ വിവരം പൂർണ്ണമല്ല | 1-26 |
| 28 | വിവിധ വാർഡുകളിലെ കുഴൽക്കിണർ നിർമ്മാണത്തിന് തുക നിക്ഷേപിക്കൽ- വിനിയോഗസാക്ഷ്യപത്രം ലഭ്യമായില്ല | 1-27 |
| 29 | ഈടാക്കിയ കാലിബാരൽ വില, ജി.എസ്.റ്റി എന്നിവ അതാതുഫണ്ടുകളിൽ തിരികെ ഒടുക്കിയിട്ടില്ല | 1-28 |
| 30 | പാലസ് കാവുംങ്കണ്ടം റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തിയുടെ ക്വാളിറ്റി ടെസ്റ്റിങ്ങ്- ഫലം ലഭ്യമാക്കിയില്ല | 1-29 |
| 31 | വിവിധ അങ്കണവാടികളുടെ വയറിങ്ങ് - പ്രവൃത്തികൾ നടപ്പാക്കിയ അംഗൻവാടികളുടെ വിശദാംശങ്ങൾ ലഭിച്ചില്ല | 1-30 |
| 32 | അങ്കണവാടി പോഷകാഹാരം- വിതരണവിവരം കൃത്യമല്ല | 1-31 |
| 33 | ലൈഫ് ഭവനപദ്ധതി വിലയിരുത്തൽ | 1-32 |
| 34 | ഓഡിറ്റ് ഇംപാക്റ്റ് | 1-33 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| | --- No Records Found --- | |
| | ഭാഗം **4** | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ വിവരം | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| | അനുബന്ധം | |

| | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

2021-22 വർഷത്തെ പുതുക്കിയ ബജറ്റ് 01.03.2023 ലെ 4(1) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവുചെലവ്, യഥാർത്ഥ വരവ് ചെലവ് എന്നിവയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | ബജറ്റ് പ്രതീക്ഷ | യഥാർത്ഥം |
|---|---|---|
| മുന്നിരിപ്പ് | 10711511 | 17122090 |
| വരവ് | 143333721 | 57129044 |
| ആകെ | 154045232 | 74251134 |
| ചെലവ് | 140471435 | 54008523 |
| നീക്കിയിരിപ്പ് | 13573797 | 20242611 |

### 1-2 വാർഷികധനകാര്യപത്രിക

ഗ്രാമപഞ്ചായത്ത് കമ്മറ്റിയുടെ 25.05.2022 ലെ 2(1) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ച് ഓഡിറ്റിന് സമർപ്പിച്ച 2021-22 ലെ വാർഷിക ധനകാര്യപത്രികയുടെ ഭാഗമായ റസീറ്റ്സ് ആന്റ് പേയ്മെന്റ് പത്രിക പ്രകാരമുള്ള വർഷാരംഭ മുന്നിരിപ്പ് 17122090/- രൂപയും തൻവർഷ വരവ് 57129044 രൂപയും തൻവർഷചെലവ് 54008523 രൂപയും വർഷാവസാന നീക്കിയിരിപ്പ് 20242611 രൂപയും ആകുന്നു. 2021-22 തൻവർഷത്തെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ആകെ വരുമാനം 123910835 രൂപയും ആകെ ചെലവ് 123794136 രൂപയും ആകുന്നു. മേൽ വിവരിച്ച ധനകാര്യപത്രിക പരിശോധിച്ചതിൽ നിലനിൽക്കുന്ന അപാകതകൾ ചുവടെ ചേർക്കുന്നു.

1.ഗ്രാമപഞ്ചായത്ത് നാളിതുവരെ ആർജ്ജിച്ച ആസ്തികൾ കൃത്യമായി മൂല്യനിർണ്ണയം നടത്തി സാംഖ്യയിൽ അക്കൗണ്ട് ചെയ്തിട്ടില്ല.

2.B18 ഷെഡ്യൂൾ പ്രകാരം ഫെസ്റ്റിവൽ അഡ്വാൻസ് ഇനത്തിൽ 14,000/- രൂപ ജീവനക്കാരിൽ നിന്നും ഈടാക്കാൻ അവശേഷിക്കുന്നു. അഡ്വാൻസ് രജിസ്റ്റർ പ്രകാരം 2021-22 വർഷം ജീവനക്കാർക്ക് നൽകിയ 90,000/- രൂപയും തിരികെ ഈടാക്കിയതായി രേഖപ്പെടുത്തിയിരിക്കുന്നു. വാർഷിക ധനകാര്യ പത്രിക പ്രകാരം വരവ് 12,000/- രൂപയാണ് ഫെസ്റ്റിവൽ അഡ്വാൻസ് ഇനത്തിലെ വരവ്, ചെലവ്, നീക്കിയിരിപ്പ് എന്നിവയിലെ പൊരുത്തക്കേടുകൾ വിശദീകരിക്കപ്പെട്ടില്ല.

3.ബാലൻസ് ഷീറ്റ് ബി 7 ഷെഡ്യൂൾ പ്രകാരമുള്ള വിവിധ ഡെപ്പോസിറ്റുകൾ ഡെപ്പോസിറ്റ് രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല. തൻവർഷം മുതൽക്കൂട്ടിയ നിക്ഷേപതുകകൾ ജേണൽ വൗച്ചർ മുഖേന ക്രമീകരിച്ചിട്ടില്ല. ഡെപ്പോസിറ്റ് രജിസ്റ്റർ വർഷാന്ത്യം ക്ലോസ് ചെയ്ത് കാലികമാക്കാത്തതിനാൽ മുന്നിരിപ്പ്, വരവ്, തൻവർഷ പിൻവലിക്കലുകൾ എന്നിവയുടെ കൃത്യത ഉറപ്പാക്കാൻ കഴിഞ്ഞിട്ടില്ല. (ഖ.1-20-2 കാണുക)

4.റെസിഡൻഷ്യൽ/നോൺ റെസിഡൻഷ്യൽ വസ്തു നികുതി കുടിശ്ശിക/തൻവർഷ ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ സഞ്ചയ പ്രകാരമുള്ള ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകയുമായി പൊരുത്തപ്പെടുന്നില്ല.

5.തൊഴിൽ നികുതി, വാടക എന്നീ രജിസ്റ്ററുകളിലെ ഡിസിബി വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല.

6.B -9 ഷെഡ്യൂളിൽ സർക്കാറിലേയക്ക് അടവാക്കേണ്ട തുകയുടെ കൃത്യത വ്യക്തമല്ല.

7.I-18 പട്ടികയിലെ വിവരങ്ങൾക്ക് വിശദീകരണം ലഭ്യമാക്കിയിട്ടില്ല.

8.തൊഴിലുറപ്പ് പദ്ധതി വരവ് ചെലവ് കണക്കുകൾ വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല.

9.കെ.എസ്.ഇ.ബി, യ്ക്ക് 21-22 വർഷം 7,47,167/- രൂപയും ഗ്രൌണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിന് 495000/- രൂപയുമാണ് പ്രോജക്ട് പ്രകാരം നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയത്. എന്നാൽ വാർഷിക ധനകാര്യ പത്രികയുമായി ടി കണക്കുകൾ പൊരുത്തപ്പെടുന്നില്ല.

10.പ്രത്യേക ഉദ്ദേശ്യത്തിനായി പഞ്ചായത്തിന് 31.03.2022 വരെ ലഭിച്ചിരിയ്ക്കുന്ന തുകകൾ ഉൾപ്പെടുന്ന ബി4 ഷെഡ്യൂളിൽ ആകെ 69,04,266/- രൂപ അവശേഷിയ്ക്കുന്നതായി രേഖപ്പെടുത്തിയിരിയ്ക്കുന്നു. തുകകൾ ഉൾപ്പെടുന്ന അക്കൗണ്ടുകളുടെ ലെഡ്ജർ പരിശോധിച്ചതിൽ ലെഡ്ജറിൽ തെറ്റായാണ് രേഖപ്പെടുത്തലുകൾ നടത്തിയിരിയ്ക്കുന്നത് എന്ന് കാണുന്നു. Grants, Funds & Contribution For Specific Purposes-other Government Agencies എന്ന ഹെഡ്ഡിൽ 17,05,664/- രൂപ ബാലൻസ് ഉള്ളതായി കാണുന്നു. ടി തുകയിൽ നിന്നും 28.02.2022 ൽ സി.ഡി.എസ്. അക്കൌണ്ട് ചലഞ്ച് ഫണ്ട് ഇനത്തിൽ 11,66,767/- രൂപ നൽകിയെങ്കിലും ലെഡ്ജറിൽ പിൻലിക്കൽ ആയി രേഖപ്പെടുത്താത്തതിനാൽ നിലവിലും ടി തുക ബാലൻസ് ആയി നിൽക്കുന്നു. ലെഡ്ജറിലെ രേഖപ്പെടുത്തലുകൾ കൃത്യമല്ലാത്തതിനാൽ ബി4 ഷെഡ്യൂളിന്റെ കൃത്യത ഉറപ്പാക്കാൻ സാധിച്ചില്ല. പഞ്ചായത്തിന്റെ വാർഷിക കണക്കുകളിൽ നിലനിൽക്കുന്ന മേൽവിവരിച്ച അപാകതകൾ പരിഹരിച്ച് ഓരോ കണക്കുകളും വിശദീകരിക്കുന്ന അടിസ്ഥാന രേഖകൾ തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി മറുപടിയിൽ ലഭ്യമാക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 17122090 |
| ഓഡിറ്റ് വർഷത്തെ വരവ് | 57129044 |
| ആകെ | 74251134 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 54008523 |
| നീക്കിയിരിപ്പ് | 20242611 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1056646 |

## 1-4 ഫണ്ട് വിനിയോഗം

ഗ്രാമപഞ്ചായത്തിന്റെ 2021-22 വർഷത്തെ വികസന ഫണ്ട്, മെയിന്റനൻസ് ഫണ്ട്, ധനകാര്യ കമ്മീഷൻ ഗ്രാന്റ്, മറ്റ് പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ എന്നിവയുടെ വിനിയോഗ വിവരം ചുവടെ ചേർക്കുന്നു

| ഗ്രാന്റ്-ഇനം | മുന്നിരിപ്പ് | അലോട്ട്മെന്റ്/ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക | ചെലവ് % |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 14041737 | 14041737 | 13839000 | 202737 | 98.56 |
| വികസന ഫണ്ട്-എസ്.സി.പി | 0 | 1893903 | 1893903 | 1704491 | 189412 | 90 |
| വികസന ഫണ്ട്-ടി.എസ്.പി. | 0 | 380494 | 380494 | 365000 | 15494 | 95.93 |
| ധനകാര്യ കമ്മീഷൻ | 0 | 7341483 | 7341483 | 3421805 | 3919678 | 46.61 |

| | | | | | | |
|---|---|---|---|---|---|---|
| ഗ്രാന്റ്(tied) | | | | | | |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്(Untied) | 0 | 3554328 | 3554328 | 2552545 | 1001783 | 71.82 |
| മെയിന്റനൻസ് ഗ്രാന്റ്- റോഡ് | 0 | 8518085 | 8518085 | 3861579 | 4656506 | 41 |
| മെയിന്റനൻസ് ഗ്രാന്റ്-നോൺ റോഡ് | 0 | 5400054 | 5400054 | 2843739 | 2556315 | 43 |
| ഐ.സി.ഡി.എസ്. | 502913 | 546351 | 1049264 | 819702 | 229562 | |

1.ജി.ഒ പ്രോജക്ടായി സ്രോതസ്സിൽ കുറവ് ചെയ്ത തുകകൾ വാർഷികകണക്കിൽ (RP7) ഉൾപ്പെടുത്താത്തതിനാൽ പൊതുവിഭാഗം വികസനഫണ്ട്, എസ്.സി.പി, ഫണ്ട് ചെലവ് തുകകൾ, അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററുമായി വ്യത്യാസപ്പെട്ടിരിക്കുന്നു.

2. വികസന ഫണ്ടിന്റെ അലോട്ട്മെന്റ് പ്രകാരമുള്ള യഥാർത്ഥ ഗ്രാന്റും ACR/ഗ്രാന്റ് പത്രിക പ്രകാരമുള്ള അലോട്ട്മെന്റും തമ്മിലുള്ള വ്യത്യാസം KURDFC വായ്പ തിരിച്ചടവ്, അങ്കണവാടി ഹോണറേറിയം ഇനങ്ങളിൽ സ്രോതസ്സിൽ കുറവ് ചെയ്ത തുകകളാണ്. എസി ആറിൽ പ്രസ്തുത തുകകൾ ഉൾപ്പെട്ടിട്ടില്ല.

3 ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ വിവിധ ഫണ്ടിനങ്ങളുടെ അലോക്കേഷൻ തുകകളും ബാലൻസ് തുകകളും രേഖപ്പെടുത്തിയിട്ടുള്ളത് എ.സി.ആർ./ചെലവു പത്രികയുമായി പൊരുത്തപ്പെടുന്നില്ല. ചെലവ് തുകകൾ സുലേഖ പത്രികയുമായി പൊരുത്തപ്പെടുന്നുണ്ട്. തന്മൂലം ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വകയിരുത്തൽ, നീക്കിയിരിപ്പ് തുകകളുടെ കൃത്യത നിർണ്ണയിക്കാൻ കഴിഞ്ഞിട്ടില്ല.

4.വികസനഫണ്ട് ജനറൽ എസ് സി പി, ടി എസ് പി ഫണ്ട്, മെയിന്റനൻസ് ഗ്രാന്റ് റോഡ്, നോൺ റോഡ് വിഭാഗത്തിൽ ബജറ്റ് അലോട്ട്മെന്റിന് പുറമേ 31/03/2022 ലെ സ.ഉ.(സാധാ) നം.2617/2022/ധന പ്രകാരം അധിക അലോട്ട്മെന്റ് മുൻവർഷത്തെ ചെലവഴിക്കാതെ ലാപ്സായ തുക ക്യാരി ഓവറായി ലഭിച്ചിട്ടുണ്ട്. വികസനഫണ്ട് പൊതുവിഭാഗത്തിൽ 202737/- രൂപയും എസ്‌സിപി ഫണ്ടിനത്തിൽ 149903/-രൂപയും ടി എസ് പി ഫണ്ടിനത്തിൽ 15494/- രൂപയും കൂടാതെ മെയിന്റനൻസ് ഗ്രാന്റ്-Non Road ഫണ്ടിൽ നിന്ന് 2020-21 വർഷം കുറവു ചെയ്ത തുക 36654 രൂപ തൻവർഷം 24/02/2022-ലെ സ.ഉ.(സാധാ) നം.1276/2022/ധന പ്രകാരം പ്രത്യേക അലോട്ട്മെന്റായി ലഭിച്ചിട്ടുണ്ട്.
ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഫണ്ടുകളിൽ ബജറ്റ് അലോട്ട്മെന്റിൽ അധികമായി 07/10/2021 ലെ G.O.(Rt) No.6591/2021/Fin പ്രകാരം മുൻവർഷം ലാപ്സായ തുക അധിക അലോട്ട്മെന്റായി ലഭിച്ചിട്ടുണ്ട്. ടൈഡ് ഇനത്തിൽ 3475483/- രൂപയും ബേസിക്ക് ഗ്രാന്റ് ഇനത്തിൽ 977328/- രൂപയും ഇപ്രകാരം അധിക അലോട്ട് മെന്റ് ലഭിച്ചിട്ടുണ്ട്.

4. ധനകാര്യകമ്മീഷൻ ഗ്രാന്റിന്റെ പലിശ വരവ് ബേസിക്ക് ഗ്രാന്റിൽ അക്കൗണ്ട് ചെയ്തിട്ടില്ലാത്തതിനാൽ നീക്കിയിരിപ്പിൽ വ്യത്യാസം നിലനിൽക്കുന്നു

5.കേന്ദ്ര, സംസ്ഥാനാവിഷ്കൃത പദ്ധതികൾ വകയിരുത്തൽ, ചെലവ്, നീക്കിയിരിപ്പ് തുകകൾ ഗ്രാന്റ് സ്റ്റേറ്റ്മെന്റ്, വാർഷിക കണക്കുകൾ എന്നിവയുമായി വ്യത്യാസപ്പെട്ടിരിക്കുന്നു.

മേൽ അപാകതകൾക്കും ടി റിപ്പോർട്ട് ഖണ്ഡിക 1-2 ൽ പരാമർശിക്കുന്ന അപാകതകൾക്കും വിധേയമായാണ് ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം (അനുബന്ധം 2) നൽകിയിരിക്കുന്നത്.

## 1-5 പദ്ധതിഅവലോകനം

2021-22 വാർഷികപദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങൾ 23-01-2021 ലും പദ്ധതിരൂപീകരണ ഗ്രാമസഭകൾ 01-02-2021 മുതൽ 14-02-2021 വരെയും നടക്കുകയുണ്ടായി. വിവിധ

തലങ്ങളിലെ ചർച്ചകളിലൂടെ ഉരുത്തിരിഞ്ഞ പദ്ധതി നിർദ്ദേശങ്ങൾ ക്രോഡീകരിച്ച് 19-02-2021 ലെ വികസനസെമിനാറിൽ വാർഷികപദ്ധതിക്ക് അന്തിമരൂപം നല്കി. ഗ്രാമപഞ്ചായത്ത് കമ്മിറ്റി അന്തിമ അംഗീകാരം നല്കിയ വാർഷിക പദ്ധതി 25.03.2022 തീയതിയിലെ 81898/21/DPC/DPO/KTM നമ്പർ ഉത്തരവ് പ്രകാരം ജില്ലാ ആസൂത്രണസമിതി അംഗീകരിച്ചു.

വാർഷികപദ്ധതിയുടെ വിവരം

| അംഗീകാരം ലഭിച്ച പ്രോജക്കുകളുടെ എണ്ണം | നടപ്പിലാക്കിയ പ്രോജക്കുകളുടെ എണ്ണം. | പദ്ധതി അടങ്കൽ | പദ്ധതി ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|
| 140 | 108 | 57546472 | 33692732 | 58.5 |

അംഗീകാരം ലഭിക്കുകയും നടപ്പിലാക്കുകയും ചെയ്ത വാർഷികപദ്ധതി വിശദാംശങ്ങൾ സുലേഖ സോഫ്റ്റ് വേറിൽനിന്നുള്ള ചെലവ് പത്രിക പ്രകാരമുള്ളത് ചുവടെ ചേർക്കുന്നു.

| ക്രമനമ്പർ | നിർവഹണ ഉദ്യോഗസ്ഥൻ | അംഗീകാരം ലഭിച്ച പ്രോജക്കുകൾ | നടപ്പിലാക്കിയത് | പ്രോജക്കുകൾക്കായി വകയിരുത്തിയ തുക. | ചെലവ് |
|---|---|---|---|---|---|
| 1 | കൃഷി ഓഫീസർ | 5 | 5 | 964270 | 704270 |
| 2 | വെറ്ററിനറി സർജൻ | 4 | 4 | 3155000 | 2474000 |
| 3 | മെഡി.ഓഫീസർ, പി.എച്ച്.സി | 4 | 4 | 1751267 | 1598286 |
| 4 | മെഡി.ഓഫീസർ, ആയുർവേദം | 2 | 2 | 300000 | 300000 |
| 5 | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 2 | 2 | 384000 | 45052 |
| 6 | വി.ഇ.ഒ | 12 | 12 | 16987037 | 9457910 |
| 7 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 7 | 6 | 5082741 | 3988236 |
| 8 | സെക്രട്ടറി | 41 | 35 | 11041609 | 7593441 |
| 9 | അസി.എൻജിനീയർ | 53 | 29 | 14536583 | 5271428 |
| 10 | ഹെഡ് മാസ്റ്റർ | 5 | 4 | 312000 | 195937 |
| 11 | ഡയറിഫാം ഇൻസ്ട്രക്ടർ | 2 | 2 | 2218715 | 1280971 |
| 12 | അസി.സെക്രട്ടറി | 3 | 3 | 813250 | 783201 |
| | | 140 | 108 | 57546472 | 33692732 |

അസി.എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി തയ്യാറാക്കിയ പകുതിയോളം പ്രൊജക്ടുകളും തൻവർഷം നടപ്പാക്കിയിരുന്നില്ല. വകയിരുത്തിയതിൽ 36% തുക മാത്രമേ തൻവർഷം ചെലവഴിച്ചിരുന്നുള്ളൂ. മറ്റ് നിർവ്വഹണോദ്യോഗസ്ഥർക്ക് താരതമ്യേന മികച്ച നിർവ്വഹണം കാഴ്ചവയ്ക്കാൻ സാധിച്ചിരുന്നു. വാർഷിക പദ്ധതിയിൽ സർക്കാർ അനുവദിച്ച ഫണ്ടുകളിൽ ചുവടെ ചേർക്കും വിധം തുകകൾ വിനിയോഗിക്കാൻ സാധിച്ചില്ല.

| | |
|---|---|
| വികസന ഫണ്ട്-ജനറൽ | 202737 |

| | |
|---|---|
| വികസന ഫണ്ട്-എസ്.സി.പി | 189412 |
| വികസന ഫണ്ട്- ടി.എസ്.പി. | 15494 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 1895644* |
| മെയിന്റനൻസ് ഗ്രാന്റ്- റോഡ് | 4656506 |
| മെയിന്റനൻസ് ഗ്രാന്റ്-നോൺ റോഡ് | 2556315 |
| ആകെ | 7620464 |

76 ലക്ഷത്തിലധികം രൂപ പഞ്ചായത്തിന്റെ ജാഗ്രതക്കുറവ് മൂലം തൻവർഷം ചെലവഴിക്കാനായില്ലായെന്നത് ഗ്രാമപഞ്ചായത്ത് ഗൗരവത്തോടെ വിലയിരുത്തേണ്ടതും ഭാവിയിൽ വിനിയോഗലക്ഷ്യം കൈവരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്. ഭരണസമിതികളും ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റികളും പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിൽ വേണ്ടത്ര ശ്രദ്ധ പുലർത്തേണ്ടതാണ്.

മോണിറ്ററിംഗ്

അംഗീകാരം ലഭിച്ച് നടപ്പിലാക്കുന്ന പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതും മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണോദ്യോഗസ്ഥനും ഭരണസമിതിയ്ക്കും നൽകേണ്ടതും വർക്കിംഗ് ഗ്രൂപ്പുകളാണ്. എന്നാൽ ഇപ്രകാരമുള്ള മോണിറ്ററിംഗ് റിപ്പോർട്ട് പ്രോജക്ടുകളോടൊപ്പം സൂക്ഷിച്ചിട്ടില്ല. പ്രോജക്ടുകളുടെ നിർവ്വഹണത്തിൽ മേൽനോട്ടസംവിധാനം ഫലപ്രദമായിരുന്നില്ലെന്ന് ഇത് സൂചിപ്പിക്കുന്നു. ഇക്കാര്യം ഭരണസമിതിയുടെയും സ്റ്റാന്റിംഗ്കമ്മിറ്റികളുടെയും ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-6 തൊഴിലുറപ്പുപദ്ധതി

ഗ്രാമപഞ്ചായത്തിലെ 14 വാർഡുകളിലെയും തൊഴിലാളികളെ ഉൾപ്പെടുത്തി തൊഴിലുറപ്പ് പദ്ധതിയുടെ 2021-22 വർഷത്തെ ലേബർ ഗ്രാമസഭ കൂടുകയും 14 വാർഡുകളിലും ലേബർ ബജറ്റ് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. 2021-22 വർഷം പുതുതായി 3271 കുടുംബങ്ങൾക്ക് തൊഴിൽ കാർഡ് നൽകി. ലേബർ ബജറ്റ് പ്രകാരം ആകെ 638 പദ്ധതികൾ വിഭാവനം ചെയ്തതിൽ 406 പ്രോജക്ടുകൾക്ക് സാങ്കേതിക അനുമതി ലഭിക്കുകയും 285 പ്രോജക്ടുകൾ പൂർത്തീകരിക്കുകയും ചെയ്തു. 58936 തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. 936 കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചു. കയ്യാല മഴക്കുഴി, വെയ്സ്റ്റുകുഴി, എന്നിവയുടെ നിർമ്മാണം ആണ് പ്രോജക്ടുകളായി നടപ്പാക്കിയത്. ധനകാര്യ പത്രിക പ്രകാരമുള്ള 2021-22 വരവ്-ചെലവ് കണക്കുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 1139 | 971365 | 972504 | 971095 | 1409 |
| തൊഴിലാളികൾക്ക് നേരിട്ട് നൽകിയത് | 0 | 28744959 | 28744959 | 28744959 | 0 |

തൊഴിലുറപ്പ് പദ്ധതി വരവ് ചെലവ് കണക്കുകൾ വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല. തൊഴിലുറപ്പ് പദ്ധതിയുടെ ക്യാഷ് ബുക്ക് പ്രകാരമുള്ള വിവരങ്ങളാണ് ചേർത്തിരിയ്ക്കുന്നത്.

## 1-7 ക്ഷേമ പദ്ധതികൾ

2021-22 വർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികൾക്കായി ചെലവഴിച്ച തുകയുടെ വിശദാംശം, ഗുണഭോക്താക്കളുടെ എണ്ണം എന്നിവ താഴെ ചേർത്തിരിക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 20400 | 8 |

| | | |
|---|---|---|
| വാർദ്ധക്യകാലപെൻഷൻ | 27219300 | 1806 |
| കർഷകതൊഴിലാളി പെൻഷൻ | 4396200 | 284 |
| വിധവാപെൻഷൻ | 7425100 | 480 |
| 50 വയസിലധികം പ്രായമുള്ള അവിവാഹിത പെൻഷൻ | 740800 | 45 |
| വികലാംഗപെൻഷൻ | 3601400 | 233 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 6(4)-ാം വകുപ്പ് പ്രകാരം സംസ്ഥാന ഓഡിറ്റ് വകുപ്പ് 2021-22 വാർഷിക ധനകാര്യ പത്രികയുടെ ഓഡിറ്റിന്റെ ഭാഗമായി കടനാട് ഗ്രാമപഞ്ചായത്തിന്റെ ക്യാഷ് ബാലൻസ് പരിശോധന 17.03.2023-ന് 03:18 PM സമയത്ത് അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പ്രസ്തുത പരിശോധനയിൽ 18,973/- രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണ സംവിധാനം

ആഭ്യന്തരനിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണ്. ഗ്രാമപഞ്ചായത്തിലെ വിവിധ ഓഫീസ് ഉത്തരവുകളിലൂടെ ഓഫീസ് പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഓഫീസ് ഉത്തരവുകൾ പ്രകാരം ചെലവുകളുടെ നിയമസാധുത പരിശോധിച്ച് ഉറപ്പുവരുത്തുന്നതിന് സെക്ഷൻ ക്ലർക്കിനെയും ഉപരിപരിശോധനയ്ക്ക് അക്കൗണ്ടന്റിനെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. നികുതി കുടിശിക വരവുകൾ ഈടാക്കുന്നതിന് പഞ്ചായത്ത് തലത്തിൽ നടപടികൾ സ്വീകരിക്കുന്നുണ്ട്. അടിസ്ഥാന രജിസ്റ്ററുകളായ ഡെപ്പോസിറ്റ് രജിസ്റ്റർ അഡ്വാൻസ് രജിസ്റ്റർ എന്നിവ കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല.
കേരളാ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 3(3) പ്രകാരം ഗ്രാമസഭ 3 മാസത്തിൽ ഒരിക്കൽ യോഗം ചേരണമെന്ന നിബന്ധന പാലിക്കുന്നില്ല. ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിൽ ഫെബ്രുവരി 2021 ന് ശേഷം അടുത്ത ഗ്രാമസഭായോഗം ചേരുന്നത് മെയ് 2022 നാണ്. ഇത് നിയമവിരുദ്ധമാണ്. കൂടാതെ കേരളപഞ്ചായത്ത് രാജ് (പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 15 പ്രകാരം ഓഡിറ്റ് റിപ്പോർട്ട് ഗ്രാമസഭകളിൽ ചർച്ചയ്ക്ക് വയ്ക്കണമെന്ന വ്യവസ്ഥയും പാലിച്ചിട്ടില്ല. നിയമപ്രകാരമുള്ള കാലയളവായ മൂന്ന് മാസത്തിലൊരിക്കൽ ഗ്രാമസഭ സംഘടിപ്പിക്കുവാൻ ജനപ്രതിനിധികളും ഭരണസമിതിയും ശ്രദ്ധപുലർത്തേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനഓഡിറ്റ് നടത്തിയതീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 14.07.22 | 2022 മാർച്ച് | PA.2-697/22 /22.11.22 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 22/06/2006 | 2005-06 വരെ | LBA(HQ)8A/1000/415 തീയതി 21/07/2006 |

## 1-11 വസ്തു നികുതിയിളവിന് അർഹതയില്ലാത്ത കെട്ടിടങ്ങൾക്ക് നികുതിയിളവ് നൽകിയിരിക്കുന്നു

1994 കേരള പഞ്ചായത്ത് രാജ് ആക്ട് 207 വകുപ്പ് പ്രകാരം ആരാധനാലയങ്ങൾ, ഹയർ സെക്കന്ററി തലം വരെയുള്ള വിദ്യാലയങ്ങൾ, അനുബന്ധ ഹോസ്റ്റലുകൾ, സൗജന്യ ചികിത്സ ലഭിക്കുന്ന

ആതുരാലയങ്ങൾ, അഗതി മന്ദിരങ്ങൾ, വായന ശാലകൾ, പ്രാചീന സ്മാരകങ്ങൾ, ശവം അടക്കുകയോ ദഹിപ്പിക്കുകയോ ചെയ്യുന്ന സ്ഥലങ്ങൾ, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ വക കെട്ടിടങ്ങൾ, അറുപത് ച.മീ കുറവുള്ള വാസ ഗൃഹങ്ങൾ, സർക്കാർ ക്ഷേമ പ്രവർത്തനങ്ങളുടെ ഭാഗമായി സൗജന്യമായി നിർമ്മിച്ച് കൊടുത്തിട്ടുള്ള വാസ ഗൃഹങ്ങൾ എന്നീ ഇനങ്ങളിൽ ഉൾപ്പെട്ട കെട്ടിടങ്ങൾക്കാണ് വസ്തു നികുതി ഇളവിന് അർഹതയുള്ളത്. എന്നാൽ പ്രസ്തുത ഗണത്തിൽ ഉൾപ്പെടാത്ത താഴെ പറയുന്ന കെട്ടിടങ്ങളെ സഞ്ചയയിൽ 'നികുതി, ഉപ നികുതി ഒഴിവാക്കപ്പെട്ട കെട്ടിടങ്ങൾ' എന്ന ഗണത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളതായി കാണുന്നു.

| ക്രമ നമ്പർ | കെട്ടിട നമ്പർ | ഉടമസ്ഥൻ | വിസ്തീർണ്ണം (ച.മീ) |
|---|---|---|---|
| 1 | 14/100 | പ്രസിഡന്റ് ജയ്ഹിന്ദ് മഹിളാ സമാജം | 26 |
| 2 | 9/249 | സെക്രട്ടറി കടനാട് സർവീസ് സഹകരണ ബാങ്ക് | 7 |

സ്ഥലപരിശോധന നടത്തി തുടർനടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

**1-12 വലിയ കെട്ടിടം വിഭജിച്ച് നികുതി നിർണ്ണയിച്ചതിനാൽ മേൽത്തരം തറ നിർമ്മിതിയുടെ അടിസ്ഥാനത്തിലുള്ള നികുതി വർദ്ധനവ് കണക്കാക്കിയില്ല**

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 6 പ്രകാരം മേൽത്തരം തറ നിർമ്മിതിയുള്ള കെട്ടിടങ്ങളുടെ വിസ്തീർണ്ണം 250 ച. മീറ്ററിൽ കൂടുതലാണെങ്കിൽ അത്തരം കെട്ടിടങ്ങളുടെ അടിസ്ഥാന വസ്തു നികുതിയിന്മേൽ 15% വർദ്ധനവ് വരുത്തേണ്ടതാണ്. ജോസ് തോമസ്, ചിറ്റേട്ട് എന്നയാളുടെ ഉടമസ്ഥതയിലുള്ള 521 ച.മീ. വിസ്തീർണ്ണമുള്ള കെട്ടിടത്തിന് IX/321 B മുതൽ IX/321 S വരെ നമ്പറുകൾ നൽകി 17 എണ്ണമായാണ് നികുതി നിർണയിച്ചിട്ടുള്ളത്. വാണിജ്യാവശ്യത്തിനുള്ള 200 ച.മീ. മുകളിൽ തറ വിസ്തീർണ്ണമുള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ (80/ച.മീ.), വാണിജ്യാവശ്യത്തിനുള്ള 200 ച.മീ. വരെ തറ വിസ്തീർണ്ണമുള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ (50/ച.മീ.), പാർപ്പിടാവശ്യം (6/ച.മീ.) എന്നീ വ്യത്യസ്ത ഉപയോഗക്രമങ്ങളിലായാണ് മേൽ കെട്ടിടം അസ്സസ് ചെയ്തിട്ടുള്ളത്. സഞ്ചയയിൽ നിന്നും ലഭ്യമായ ഫോം-6 സ്റ്റേറ്റ്മെന്റുകൾ പ്രകാരം ടി കെട്ടിടത്തിലെ എല്ലാ അസ്സസ്മെന്റുകളിലും കെട്ടിടത്തിന്റെ തറയുടെ തരം 'മേൽത്തരം തറ' എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ കെട്ടിടത്തെ വിഭജിച്ച് നികുതി നിർണ്ണയിച്ചതിനാൽ ഓരോ അസസ്മെന്റും 250 ച.മീറ്ററിൽ താഴെയാവുകയും തറ നിർമ്മിതിയുടെ അടിസ്ഥാനത്തിലുള്ള വർദ്ധനവ് ഉൾപ്പെടാതെ വരികയും ചെയ്തു. വിശദാംശം ചുവടെ.

| കെട്ടിട നം./ ഉടമ | വിസ്തീർണ്ണം (ച.മീ.) | നിർണ്ണയിച്ച നികുതി | നിർണ്ണയിക്കേണ്ടത് | നികുതി നഷ്ടം |
|---|---|---|---|---|
| IX/321/B-S | 521 | അടിസ്ഥാന നികുതി - 12,995, റോഡിന്റെ അടിസ്ഥാനത്തിൽ വർദ്ധനവ്(20%) – 2599 ആകെ - 15594/- | അടിസ്ഥാന നികുതി - 12995, റോഡിന്റെ അടിസ്ഥാനത്തിൽ വർദ്ധനവ്(20%) -2599, തറനിർമ്മിതി അടിസ്ഥാനത്തിൽ വർദ്ധനവ് (15%) – 1949 | 1949/- (17543-15594) |

| | | | | |
|---|---|---|---|---|
| | | | ആകെ – 17543/- | |

മേൽ കെട്ടിടത്തിന് മേൽത്തരം തറ നിർമ്മിതിയുടെ അടിസ്ഥാനത്തിൽ നികുതി വർദ്ധനവ് കണക്കാക്കാതിരുന്നതിനാൽ 1949/- രൂപ നികുതി നഷ്ടം സംഭവിച്ചിട്ടുണ്ട്. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.04/21.03.2023) നൽകിയതിന് വലിയ കെട്ടിടം വിഭജിച്ച് നികുതി നിർണ്ണയിക്കുമ്പോൾ ഓരോന്നിനും 250 ചതുരശ്രമീറ്ററിലധികം വിസ്തീർണ്ണം വരുന്നില്ല എന്നതിനാൽ തറ നിർമ്മിതിയുടെ അടിസ്ഥാനത്തിലുള്ള 15% വർദ്ധനവ് സഞ്ചയ ഡേറ്റാബേസിൽ നേരിട്ട് ഉൾപ്പെടുന്നില്ല എന്നാണ് മറുപടി നൽകിയത്. മേൽത്തരം തറ നിർമ്മിതിയുള്ള 250 ചതുരശ്രമീറ്ററിലധികം വിസ്തീർണ്ണം ഉള്ള കെട്ടിടങ്ങളെ വിഭജിച്ച് നികുതി നിർണ്ണയിക്കുന്ന സാഹചര്യത്തിൽ 15% നികുതി വർദ്ധന ഉൾപ്പെടുത്തുന്നതിനുള്ള സംവിധാനം വസ്തുനികുതി ഡേറ്റാബേസിൽ ചേർക്കുന്നതിന് തദ്ദേശഭരണ വകുപ്പ്, ഐ.കെ.എം. എന്നീ അതോറിറ്റികളുമായി ബന്ധപ്പെട്ട് നടപടി സ്വീകരിക്കേണ്ടതാണ്. 15% നികുതി വർദ്ധന ഉൾപ്പെടെ നികുതി പുനർനിർണ്ണയിച്ച് ഈടാക്കി വിശദാംശങ്ങൾ മറുപടിയിൽ അറിയിക്കേണ്ടതാണ്.

## 1-13 സമീപകെട്ടിടങ്ങൾക്ക് വ്യത്യസ്ത മേഖലയുടെ അടിസ്ഥാനത്തിൽ വസ്തു നികുതി നിർണ്ണയം നടത്തിയിരിക്കുന്നു

വസ്തു നികുതി നിർണ്ണയിക്കുന്നതിനായി 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപ നികുതിയും സർചാർജ്ജും) ചട്ടങ്ങൾ ചട്ടം 6 പട്ടിക 1 പ്രകാരം ഗ്രാമ പഞ്ചായത്തിനെ പ്രഥമം, ദ്വിതീയം (കെട്ടിടങ്ങൾക്ക് 10 % നികുതി ഇളവ്), തൃതീയം (കെട്ടിടങ്ങൾക്ക് 20 % നികുതി ഇളവ്) എന്നീ മേഖലകളായി തരം തിരിച്ചിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിലെ വസ്തു നികുതി നിർണ്ണയം സംബന്ധിച്ച രേഖകളും സഞ്ചയ സോഫ്റ്റ്‌വെയറിൽ നിന്ന് ലഭ്യമായ ഫോം-6 സ്റ്റേറ്റ്മെന്റുകളും പരിശോധിച്ചതിൽ ഒരേ വ്യക്തികളുടെ പേരിലുള്ള സമീപകെട്ടിടങ്ങൾക്ക് വ്യത്യസ്ഥ മേഖല അടിസ്ഥാനത്തിൽ വസ്തു നികുതി നിർണ്ണയം നടത്തി നികുതിയിളവ് നൽകിയതായി കാണുന്നു. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ഉടമയുടെ പേര് | കെട്ടിട നമ്പർ | വിസ്തീർണ്ണം (ച.മീ ) | ഉപയോഗക്രമം | മേഖല |
|---|---|---|---|---|
| അഗസ്റ്റിൻ എടക്കര | 1/288 A | 98.78 | പാർപ്പിടാവശ്യം | ദ്വിതീയം |
| | 1/288 B | 14.2 | വാണിജ്യാവശ്യം | ദ്വിതീയം |
| | 1/288 C | 110.6 | വാണിജ്യാവശ്യം | പ്രഥമം |
| ജോസ് സി കാപ്പൻ | 3/148 B | 33.1 | എം.എസ്.എം.ഇ വ്യവസായ യൂണിറ്റ് | ദ്വിതീയം |
| | 3/148 C | 5.32 | വാണിജ്യാവശ്യം | പ്രഥമം |

വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (നമ്പർ 03/21.03.2013) മറുപടിയായി ടി കെട്ടിടങ്ങളുടെ സ്ഥലപരിശോധന നടത്തി ശരിയായ മേഖലയിലുൾപ്പെടുത്തി നികുതി പുനക്രമീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തുടർനടപടികളുടെ വിശദാംശം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-14 ഒരേ കെട്ടിടത്തിന്റെ വിവിധ മുറികൾക്ക് വ്യത്യസ്ത നമ്പറുകൾ നല്കി വസ്തു നികുതി നിർണ്ണയിച്ചതു മൂലം നികുതിയിനത്തിൽ നഷ്ടം

പഞ്ചായത്തിലെ സഞ്ചയ വസ്തുനികുതി അസസ്മെന്റ് രജിസ്റ്റർ പരിശോധിച്ചതിൽ വാണിജ്യാവശ്യത്തിന് ഉപയോഗിക്കുന്ന കെട്ടിടത്തിലെ വിവിധ മുറികൾക്ക് വ്യത്യസ്ത നമ്പറുകൾ നല്കി വസ്തു നികുതി നിർണ്ണയിച്ചതു മൂലം നികുതിയിനത്തിൽ നഷ്ടം സംഭവിച്ചതായി കാണുന്നു. 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ 4 -ാം ചട്ടം 1-ാം ഉപചട്ടത്തിൽ പ്രതിപാദിച്ചിരിക്കുന്ന

വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടെങ്കിൽ മാത്രമേ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി ഓരോ കെട്ടിട ഭാഗത്തിനും പ്രത്യേക വസ്തു നികുതി ചുമത്തേണ്ടതുള്ളൂ. എന്നാൽ പഞ്ചായത്തിൽ ഒരേ ഉടമസ്ഥതയിലുള്ള വാണിജ്യാവശ്യത്തിനായി മാത്രം ഉപയോഗിക്കുന്ന 100ച.മീ. കൂടുതൽ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് ഓരോ ഭാഗത്തിനും വിവിധ നമ്പരുകൾ നല്കി, 1 ച.മീറ്ററിന് 45 രൂപ നിരക്കിലാണ് നികുതി നിർണ്ണയിച്ചിരിക്കുന്നത്. ഗ്രാമ പഞ്ചായത്തിലെ വിജ്ഞാപന പ്രകാരം 100ച.മീ. കൂടുതൽ വിസ്തീർണ്ണമുള്ള കടമുറികൾക്ക് 60 രൂപ നിരക്കിലാണ് നികുതി നിർണ്ണയിക്കേണ്ടത്. വസ്തുനികുതി ഇപ്രകാരം കണക്കാക്കിയതു മൂലം നഷ്ടം വന്നതായി കാണുന്നു. ഉദാഹരണം ചുവടെ ചേർക്കുന്നു.

| കെട്ടിട ഉടമ | കെട്ടിട നമ്പർ | വിസ്തീർണ്ണം (ച.മീ) | നിർണ്ണയിക്കേണ്ട വസ്തു നികുതി (60 രൂപ/ ച.മി) | | | | നിർണ്ണയിച്ച വസ്തു നികുതി (45 രൂപ/ ച.മി) | കുറവ് (സെസ്, സർവ്വീസ് ചാർജ്ജ് ഉൾപ്പെടുത്താതെ) |
|---|---|---|---|---|---|---|---|---|
| | | | അടിസ്ഥാന വസ്തു നികുതി (രൂപ) | വർദ്ധനവ് (വഴി സൗകര്യം-20%) | കുറവ് | ആകെ | | |
| ടെംസി ജോസ് | 9/275A മുതൽ 9/275 E വരെ | 157.05 ച.മീ | 9423 | 1885 (വഴി സൗകര്യം-20%) | - | 11308 | 8584 | 2724 |

വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (നമ്പർ 16/22.03.2023) മറുപടിയായി ടി കെട്ടിടങ്ങളുടെ സ്ഥലപരിശോധന നടത്തി നികുതി പുനർനിർണയിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. വസ്തു നികുതി കുടിശ്ശിക സഹിതം ഈടാക്കി വിവരമറിയിക്കേണ്ടതാണ്.

## 1-15 ഒരേ റോഡ് തന്നെ വിവിധ രീതികളിൽ വിവിധ കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയത്തിനായി പരിഗണിച്ചിരിക്കുന്നു

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപ നികുതിയും സർചാർജ്ജും) ചട്ടങ്ങൾ ചട്ടം 6 പട്ടിക 2 പ്രകാരം കെട്ടിടത്തിലേക്കുള്ള വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ 5 മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള റോഡിൽ നിന്ന് പ്രവേശന മാർഗ്ഗമുള്ള കെട്ടിടങ്ങൾ (20% നികുതി വർദ്ധനവ്), 1.5 മീറ്ററോ അതിൽ കുറവോ വഴി സൗകര്യമുള്ള കെട്ടിടങ്ങൾ (10% നികുതി ഇളവ്) പൊതു വഴി സൗകര്യം ഇല്ലാത്ത കെട്ടിടങ്ങൾ (20% നികുതി ഇളവ്) എന്നിങ്ങനെ തരം തിരിച്ചിട്ടുണ്ട്. 1.5 മീറ്റർ മുതൽ 5 മീറ്റർ വരെ വീതിയുള്ള റോഡിൽ നിന്ന് പ്രവേശന മാർഗ്ഗമുള്ള കെട്ടിടങ്ങൾക്ക് നികുതി വർദ്ധനവോ ഇളവോ ഇല്ല. വസ്തു നികുതി നിർണ്ണയവുമായി ബന്ധപ്പെട്ട് സഞ്ചയയിൽ നിന്ന് ലഭ്യമായ ഫോം-6 സ്റ്റേറ്റ്മെന്റുകൾ പരിശോധിച്ചതിൽ ഒരേ റോഡ് തന്നെ വിവിധ രീതികളിൽ വിവിധ കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയത്തിനായി പരിഗണിച്ചിരിക്കുന്നതായി കാണുന്നു. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിട നമ്പർ | ഉടമസ്ഥൻ | റോഡിന്റെ പേര് | പ്രസ്തുത റോഡ് വസ്തു നികുതിനിർണ്ണയത്തിനായി പരിഗണിച്ചിരിക്കുന്ന തരം (ഫോം- 6 പ്രകാരം) |
|---|---|---|---|---|
| 1 | 1/52 | അന്നക്കുട്ടി തോമസ് | മാനത്തൂർ - പാട്ടത്തിപ്പറമ്പ് | 5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡ് |
| 2 | 1/55 A | സണ്ണി | | 1.5 മീറ്ററിൽ കൂടുതൽ |

| | | | | |
|---|---|---|---|---|
| | | കിഴക്കെവേലിക്കകത്ത് | | വീതിയുള്ള റോഡ് |
| 3 | 1/321 | ലിജി ജോസ് | മാനത്തൂർ – ചെറുകുറിഞ്ഞി | 5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡ് |
| 4 | 1/329A | ലിസമ്മ മാണി | | 1.5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡ് |
| 5 | 2/286A | തങ്കച്ചൻ കെ കെ | പൊട്ടൻപ്ലാക്കൽ നിരപ്പ് – ഞള്ളിക്കുന്ന് | 5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡ് |
| 6 | 2/280A | തോമസ് ജോസഫ് | | 1.5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡ് |
| 7 | 3/20C | ഷൈജു തോമസ് | കൊല്ലപ്പള്ളി –മുട്ടം | 5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡ് |
| 8 | 3/23A | അലക്സ് മാത്യു | | 1.5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡ് |
| 9 | 3/477A | അനീഷ് എം കെ | നീലൂർ –അരിഞ്ചി | 5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡ് |
| 10 | 3/471A | റോയിച്ചൻ പി ജെ | | 1.5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡ് |

വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (നമ്പർ 05/21.03.2023) മറുപടിയായി ആവശ്യമായ സ്ഥലപരിശോധന നടത്തി നികുതി പുനക്രമീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. സ്ഥല പരിശോധന നടത്തി അപാകത പരിഹരിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതും റോഡ് മാസ്റ്ററിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തേണ്ടതുമാണ്. തുടർനടപടികളുടെ വിശദാംശം ഓഡിറ്റിൽ അറിയിക്കേണ്ടതാണ് .

## 1-16 വ്യത്യസ്ത ഉപയോഗങ്ങൾക്കായി വസ്തുനികുതി നിർണ്ണയിച്ച ശേഷം കെട്ടിടങ്ങൾ മറ്റ് ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നു

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 203, 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപ നികുതിയും സർചാർജ്ജും) ചട്ടങ്ങൾ ചട്ടം 4 എന്നിവ പ്രകാരം ഒരു കെട്ടിടത്തിന്റെ ഉപയോഗക്രമമനുസരിച്ച് വസ്തു നികുതി നിരക്ക് വ്യത്യാസപ്പെട്ടിരിക്കുന്നു. കടനാട് ഗ്രാമപഞ്ചായത്ത് പരിധിയിൽ വ്യത്യസ്ത ഉപയോഗങ്ങൾക്കായി വസ്തുനികുതി നിർണ്ണയിച്ച ശേഷം കെട്ടിടങ്ങൾ മറ്റ് ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതായി കാണുന്നു. ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | കെട്ടിട നം. | കെട്ടിട ഉടമയുടെ പേര് | നിലവിലെ ഉപയോഗക്രമം | സഞ്ചയ സോഫ്റ്റ് വെയറിലെ ഉപയോഗക്രമം |
|---|---|---|---|---|
| 1 | IX/13 | ത്രേസ്യാമ്മ ചെറിയാൻ | സ്റ്റേഷനറി ഷോപ്പ് | പാർപ്പിടാവശ്യം |
| 2 | X/39 | സുശീല നരേന്ദ്രൻ | വളം ഗോഡൗൺ | പാർപ്പിടാവശ്യം |
| 3 | IX/46 | ബോബി പി ഡി | സ്റ്റേഷനറി ഷോപ്പ് | വ്യവസായ ആവശ്യത്തിനുള്ള കൈത്തറി ഷെഡ് Etc. |

വിവിധ ആവശ്യങ്ങൾക്കായി കുറഞ്ഞ നിരക്കിൽ നികുതി നിർണ്ണയിച്ചശേഷം മറ്റ് ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (20/22.03.2023) മറുപടിയായി മേൽ

കെട്ടിടങ്ങളുടെ നിലവിലെ ഉപയോഗക്രമമനുസരിച്ച് വസ്തുനികുതി പുനർനിർണ്ണയിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട് . 2011 ലെ വസ്തുനികുതി പരിഷ്കരണ ഉത്തരവ് ചട്ടം 17 (1) പ്രകാരം ഒരു കെട്ടിടത്തിന്റെ വസ്തുനികുതി നിർണ്ണയിക്കപ്പെട്ടതിനുശേഷം കെട്ടിടത്തിന്റെ തറവിസ്തീർണ്ണത്തിലോ ഉപയോഗക്രമത്തിലോ കെട്ടിട ഉടമ വരുത്തുന്ന ഏതൊരു മാറ്റവും മുപ്പതുദിവസത്തിനകം രേഖാമൂലം സെക്രട്ടറിയെ അറിയിക്കേണ്ടതും പുതുക്കിയ വസ്തുനികുതി റിട്ടേൺ സമർപ്പിക്കേണ്ടതുമാണ്. ചട്ടം 17(2) പ്രകാരം ഇപ്രകാരമുള്ള ബാദ്ധ്യത കെട്ടിട ഉടമ നിറവേറ്റാത്ത പക്ഷം സെക്രട്ടറിക്ക് അയാളുടെ മേൽ 1000/- രൂപ അല്ലെങ്കിൽ പുതുക്കിയ വസ്തുനികുതി നിർണ്ണയം മൂലമുണ്ടാകുന്ന നികുതി വർദ്ധനവ് ഏതാണ് അധികമെങ്കിൽ അത് പിഴയായി ചുമത്താവുന്നതാണ്. ഉപചട്ടം 3 ൽ ഇപ്രകാരം 1 -ാം ഉപചട്ട പ്രകാരമുള്ള മാറ്റത്തിന്റെ അടിസ്ഥാനത്തിൽ കെട്ടിടത്തിന്റെ വാർഷിക വസ്തുനികുതി അതാത് വർഷാരംഭം മുതൽ പ്രാബല്യത്തോടെ സെക്രട്ടറി പുനർനിർണ്ണയിക്കേണ്ടതും അതിനനുസരിച്ച് വസ്തുനികുതി നിർണ്ണയ രജിസ്റ്ററിലും വസ്തുനികുതി ഡിമാന്റ് രജിസ്റ്ററിലും ഭേദഗതി വരുത്തേണ്ടതും കെട്ടിട ഉടമക്ക് പുതുക്കിയ ഡിമാന്റ് നോട്ടീസ് നൽകേണ്ടതുമാണെന്ന് വ്യക്തമാക്കുന്നുണ്ട്. എന്നാൽ ഇപ്രകാരമുള്ള നടപടികൾ ഒന്നും ഗ്രാമപഞ്ചായത്ത് സ്വീകരിച്ചതായി കാണുന്നില്ല. തുടർനടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

1-17 മൊബൈൽ ടവറുകളുടെ വസ്തു നികുതി ഈടാക്കിയിട്ടില്ല

മൊബൈൽ ടവറുകൾക്ക് 14.01.2011 ലെ സർക്കാർ ഉത്തരവ് നം. 19/2011/തസ്വഭവ പ്രകാരം തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ നികുതി നിർണ്ണയിച്ച് ഈടാക്കേണ്ടതാണ് (നിരക്ക് 500/ച.മീ). കടനാട് ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെ പറയുന്ന മൊബൈൽ ടവറുകളുടെ വസ്തു നികുതി ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു .

| ക്രമ നം. | കെട്ടിടനമ്പർ/ വിസ്തീർണ്ണം | ഉടമസ്ഥൻ | വാർഷിക വസ്തുനികുതി (വർദ്ധനവുകൾക്കും ഇളവുകൾക്കും ശേഷം) | നികുതി ഒടുക്കാത്ത കാലയളവ് | കുടിശ്ശിക (രൂപ) |
|---|---|---|---|---|---|
| 1 | 5/273<br>28 ച.മീ | എയർസെൽ | 15400/- | 2019-20 മുതൽ 2021-22 വരെ | 46,200/- |
| 2 | 9/705 A<br>53.54 ച.മീ | റിലയൻസ് കമ്മ്യൂണിക്കേഷൻ | 21416/- | 2021-22 | 21,416/- |
| ആകെ | | | | | 67,616/- |

വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (നമ്പർ 01/21.03.2023) മറുപടിയായി ക്രമ നമ്പർ 1 മൊബൈൽ ടവർ നിലവിൽ പ്രവർത്തനക്ഷമമല്ല എന്നും റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചിട്ടുള്ളതാണെന്നും ക്രമ നമ്പർ 2 മൊബൈൽ ടവർ ഉടമസ്ഥർക്ക് ഡിമാൻഡ് നോട്ടീസ് നൽകിയിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. തുടർനടപടികൾ സ്വീകരിച്ച് കുടിശിക ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ് .

1-18 തൊഴിൽ നികുതി അടവാക്കേണ്ടതാണ്

1) കടനാട് ഗ്രാമപഞ്ചായത്തിന്റെ പരിധിയിലുള്ള നീലൂർ, പിഴക്, കൊല്ലപ്പള്ളി, കുറുമണ്ണ് എന്നീ ക്ഷീരസംഘങ്ങൾ

2) അക്ഷയ കേന്ദ്രങ്ങൾ

3) ജനസേവന കേന്ദ്രങ്ങൾ

എന്നീ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കി രേഖകൾ സഹിതം മറുപടി നൽകേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം.19/22.03.2023 ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.)

1-19 ഒപ്റ്റിക്കൽ ഫൈബർ കേബിൾ സ്ഥാപിക്കൽ- റസ്റ്റോറേഷൻ ചാർജ് കണക്കാക്കിയതിൽ കുറവ്

ജിയോ ഡിജിറ്റൽ ഫൈബർ പ്രൈവറ്റ് ലിമിറ്റഡിന്റെ 25-1-2021 ലെ കത്തിലെ ( RJIL/OFC/ROW/NLD /8B/VAKATHANAM/PAN/7661) അപേക്ഷയനുസരിച്ച് കൊല്ലപ്പള്ളി ഉമ്പിമല റോഡിൽ 0.65 കി മീറ്റർ നീളം ഒപ്റ്റിക്കൽ ഫൈബർ കേബിൾ മുകളിലൂടെ ഇടുന്നതിനും 30m അകലത്തിൽ 25 ജിഐ പോളുകൾ സ്ഥാപിക്കുന്നതിനും അനുമതി തേടിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ PWD Roads ചീഫ് എഞ്ചിനീയറുടെ 30/03/2019 ലെ CE/R&B/GL-RC/2/2019 നം. സർക്കുലർ പ്രകാരം പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർ എസ്റ്റിമേറ്റ് തുക 124922 രൂപ നിശ്ചയിച്ച് നൽകിയിട്ടുണ്ട്. എന്നാൽ തുക നിശ്ചയിച്ചതിൽ അപാകത സംഭവിച്ചതായി കാണുന്നു. അതായത് മേൽ സർക്കുലറിൽ റസ്റ്റോറേഷൻ വിഡ്ത് കട്ടിങ്ങ് വിഡ്തിന്റെ 1.5 മടങ്ങായിരിക്കണം എന്ന് സൂചിപ്പിച്ചിട്ടുണ്ട്. എന്നാൽ റെസ്റ്റോറേഷൻ ചാർജ്ജ് കണക്കാക്കുന്നതിന് റസ്റ്റോറേഷൻ വിഡ്ത് 1.5 മീറ്റർ എടുക്കുന്നതിന് പകരം 1 മീറ്റർ മാത്രമാണ് എടുത്തിരിക്കുന്നത്. വിശദ വിവരം ചുവടെ കൊടുക്കുന്നു.

| ഇനം | പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർ തയാറാക്കിയ എസ്റ്റിമേറ്റ് തുക | PWD Roads ചീഫ് എഞ്ചിനീയറുടെ 30/03/2019 ലെ CE/R&B/GL-RC/2/2019 നം. സർക്കുലർ പ്രകാരം തയാറാക്കേണ്ടിയിരുന്ന എസ്റ്റിമേറ്റ് തുക | വ്യത്യാസം |
|---|---|---|---|
| Restortion Charge For Concrete Cutting | 20x 1x 1 = 20 $M^2$<br>20m2@5473.44/$m^2$ = 109468.8 | 20x 1x 1.5 = 30 $M^2$<br>30m2@5473.44/$m^2$ = 164203 | 54735 |
| Restortion Charge For Tar Cutting | 5x 1x 1 = 5$m^2$<br>5m2@3090.57/$m^2$ = 15,452 | 5x 1x 1.5 = 7.5$m^2$<br>7.5m2@3090.57/$m^2$ = 23179.28 | 7727 |
| ആകെ | | | 62462 |

പ്രസ്തുത വിഷയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം 11/21-03-23) മറുപടി ലഭ്യമാക്കിയിരുന്നില്ല. റസ്റ്റോറേഷൻ ചാർജ്ജിനത്തിൽ കുറവായി ഈടാക്കിയ തുക 62462/-രൂപ ജിയോ ഡിജിറ്റൽ ഫൈബർ പ്രൈവറ്റ് ലിമിറ്റഡിൽ നിന്നും തിരികെ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കേണ്ടതാണ്. ഈടാക്കാത്ത പക്ഷം ടി തുക സെക്രട്ടറിയുടെ ബാദ്ധ്യതയായി മാറുന്നതാണ്.

പ്രസ്തുത പോളുകളുടെ വാർഷിക വാടക 5% നിരക്കിൽ വർദ്ധനവ് വരുത്തി 2022-23 വർഷം ഈടാക്കിയിരുന്നോയെന്നതു കൂടി വിശദീകരിക്കപ്പെട്ടില്ല. സർക്കാർ ഉത്തരവ് നം.89/2020/PWD 23.01.2020 പ്രകാരം ഓരോ പോളിലും പ്രതിവർഷം 360/-രൂപ നിരക്കിൽ വാടക ഈടാക്കാമെന്നും 5% നിരക്കിൽ വാർഷിക വർദ്ധനവ് വരുത്തേണ്ടതാണെന്നും വ്യവസ്ഥ ചെയ്യുന്നു. 25 പോളുകൾക്ക് 360/-രൂപ നിരക്കിൽ 2021-22 വർഷം 9000/-രൂപ ഈടാക്കിയിരുന്നു. 2022-23 വർഷവും തുടർന്നുള്ള വർഷങ്ങളിലും

വാർഷിക വാടകയിൽ 5% വർദ്ധനവ് വരുത്തി ഗ്രാമപഞ്ചായത്തിന് ഈടാക്കാവുന്നതാണ്. ടി തുക ഈടാക്കി പഞ്ചായത്ത് ഫണ്ടിലേക്ക് ഒടുക്കേണ്ടതാണ്.

## 1-20-1 ബിൽ രജിസ്റ്റർ പരിപാലനം തൃപ്തികരമല്ല

കടനാട് ഗ്രാമപഞ്ചായത്തിലെ 2021-22 വർഷത്തെ ബിൽ രജിസ്റ്റർ പരിശോധിച്ചതിൽ വൗച്ചർ നമ്പർ 22100918 മുതൽ 22100955 വരെയുള്ള വൗച്ചറുകളുടെ വിശദാംശം രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. കൂടാതെ മേൽ വൗച്ചറുകൾ പരിശോധനയ്ക്കായി ഹാജരാക്കിയിരുന്നുമില്ല. വൗച്ചറുകൾ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് എൻക്വയറി (18/22.03.2023) നൽകിയതിനെത്തുടർന്ന് മേൽ വൗച്ചറുകൾ ഇ -ബിൽ വൗച്ചറുകളാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മറുപടിയോടൊപ്പം വൗച്ചറുകളുടെ വിശദാംശാംശങ്ങളടങ്ങിയ ലിസ്റ്റ് ഹാജരാക്കി. വൗച്ചർ സംബന്ധിച്ച വിശദാംശങ്ങളുടെ കൃത്യമായ രേഖപ്പെടുത്തലുകളോടെ ബിൽ രജിസ്റ്റർ പരിപാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-20-2 ഡെപോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ സൂക്ഷിപ്പിൽ അപാകത

പഞ്ചായത്തിന്റെ 31/03/2022 ലെ ബാലൻസ് ഷീറ്റ് B-7 ഷെഡ്യൂൾ പ്രകാരം 9,60,631/- രൂപ നിക്ഷേപമിനത്തിൽ ബാധ്യതയായി അവശേഷിക്കുന്നുണ്ട്. പ്രസ്തുത നിക്ഷേപങ്ങളുടെ ഓരോ ശീർഷകത്തിലെയും 01/04/2021 ലെ മുന്നിരിപ്പ് വിശദാംശം (ഒടുക്കിയ വ്യക്തി/സ്ഥാപനം, ഒടുക്കിയ കാലയളവ്, ഉദ്ദേശ്യം/പ്രോജക്റ്റ്, പ്രോജക്റ്റ് പൂർത്തിയാക്കിയ തീയതി) ക്യാരി ഓവർ ചെയ്ത് 2021-22 ഡെപോസിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല എന്നതിനാൽ കാലഹരണപ്പെട്ട നിക്ഷേപങ്ങൾ കണ്ടെത്താൻ സാധിച്ചിട്ടില്ല. 2011-കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം-33, 58(3)(എ) എന്നിവ പ്രകാരം ഡെപ്പോസിറ്റ് രജിസ്റ്റർ മുന്നിരിപ്പ് വിശദാംശം ഉൾപ്പടെ തയ്യാറാക്കി സാമ്പത്തിക വർഷാവസാനം ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതായിരുന്നു. ഡെപോസിറ്റ് രജിസ്റ്റർ സൂക്ഷിപ്പിലെ അപാകത മൂലം വാടക നിക്ഷേപം ഒഴികെയുള്ള കാലഹരണപ്പെട്ട നിക്ഷേപങ്ങൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടാനും സാധിച്ചില്ല. ഡെപ്പോസിറ്റ് രജിസ്റ്റർ നിശ്ചിത മാതൃകയിൽ മുന്നിരിപ്പ് വിശദാംശം ക്യാരി ഓവർ ചെയ്ത് തയ്യാറാക്കേണ്ടതും തൻവർഷ ഇടപാടുകളും സാമ്പത്തിക വർഷത്തെ സംക്ഷിപ്തവും സെക്രട്ടറി സാക്ഷ്യപ്പെടുത്തി തയ്യാറാക്കി സൂക്ഷിയ്ക്കേണ്ടതാണ്. കാലഹരണപ്പെട്ട നിക്ഷേപം ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ അനുമതിയോടെ മുതൽക്കൂട്ടേണ്ടതാണ്.


അഡ്വാൻസ് രജിസ്റ്റർ സൂക്ഷിപ്പിലെ അപാകതകൾ

പഞ്ചായത്ത് വിവിധ ഇനങ്ങളിലായി മുൻകൂർ കൊടുക്കുന്ന തുകകൾ, ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് വിവിധ ഏജൻസികളിൽ നൽകുന്ന തുകകൾ എന്നിവയുടെ ഓരോ സാമ്പത്തിക വർഷത്തെയും മുന്നിരിപ്പ് വിശദാംശം, തൻവർഷ ഇടപാടുകൾ എന്നിവ നിശ്ചിത മാതൃകയിലുള്ള അഡ്വാൻസ് രജിസ്റ്ററിൽ ചേർത്ത് 2021-22 വർഷത്തെ കണക്കുകൾ ക്ലോസ് ചെയ്തിട്ടില്ല. 2011-കേരള പഞ്ചായത്ത് രാജ്(അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം-32, 58(4)(ഡി) എന്നിവ പ്രകാരം മുൻകൂർ രജിസ്റ്റർ സാമ്പത്തിക വർഷാവസാനം ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. 2021-22 വർഷം നിക്ഷേപ പ്രവൃത്തിയായി വിവിധ പ്രോജക്ടുകൾ പ്രകാരം കെ.എസ്.ഇ.ബി. യിൽ നിക്ഷേപിച്ച 7,47,167/- രൂപയാണ്. വാർഷിക ധനകാര്യ പത്രിക പ്രകാരം 820261/- രൂപയാണ്. മുൻകൂറുകളുടെ കൃത്യമായ വിവരങ്ങൾ സൂക്ഷിക്കാതിരിക്കുന്നത് മേൽചട്ടങ്ങളുടെ ലംഘനത്തിനും മുൻകൂർ തുകയുടെ ക്രമീകരണത്തിൽ അവ്യക്തതയ്ക്കും മേൽവിവരിച്ച പ്രകാരമുള്ള അക്കൗണ്ടിങ്ങ് അപാകതകൾക്കും ഇടയാക്കുന്നു. അഡ്വാൻസ് രജിസ്റ്റർ നിശ്ചിത മാതൃകയിൽ 2021-22 വർഷത്തേത് മുന്നിരിപ്പ് വിശദാംശം ക്യാരി ഓവർ ചെയ്ത് തയ്യാറാക്കി സാമ്പത്തിക വർഷത്തെ ഇടപാടുകളുടെ സംക്ഷിപ്തം സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിയ്ക്കേണ്ടതാണ്.

## 1-21 വഴിയോര വിശ്രമ കേന്ദ്രം -ഇൻസിനറേറ്റർ പ്രവർത്തനസജ്ജമായില്ല

കടനാട് ഗ്രാമ പഞ്ചായത്ത് ടേക്ക് എ ബ്രേക്ക് പദ്ധതിയുടെ ഭാഗമായി കൊല്ലപ്പള്ളി മാർക്കറ്റിൽ നിർമ്മിച്ചിരിക്കുന്ന പൊതു ടോയ്‌ലെറ്റിലേക്ക് സാനിറ്ററി നാപ്കിൻ ഇൻസിനറേറ്റർ സ്ഥാപിക്കുന്നതിനായി 2021 സെപ്റ്റംബർ മാസം എച്ച്.എൽ.എൽ ലൈഫ് കെയർ ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ നിന്നും 20,993/- രൂപയ്ക്ക് ഉപകരണം വാങ്ങിയിട്ടുണ്ട്. ആയത് സ്ഥാപിക്കുന്നതിനും 2 വർഷത്തേക്ക് എ.എം.സി എടുത്ത വകയിലുള്ള 11,446/- രൂപയും ഉൾപ്പടെ ആകെ 32,439/- രൂപയാണ് (ചെക്ക് നമ്പർ: 11396/20.12.2021) പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും ടി സ്ഥാപനത്തിന് നൽകിയിട്ടുള്ളത്. പ്രസ്തുത ഇൻസിനറേറ്റർ കാര്യക്ഷമമായി പ്രവർത്തിക്കുന്നതിനുള്ള സജ്ജീകരണങ്ങൾക്കായി കറന്റ് കണക്ഷൻ ലഭ്യമാക്കുവാനാവശ്യമായ സ്വിച്ച് ബോർഡുകൾ, മറ്റ് ഉപകരണങ്ങൾ എന്നിവ സ്ഥാപിക്കുകയും ചെയ്തിരുന്നു. ആയതിലേക്കായി ശ്രീ. ഷിജോ ടി കെ എന്നയാൾക്ക് 10,670/- രൂപയും (ചെക്ക് നമ്പർ: 12013/15.01.2022) അനുവദിച്ചിട്ടുണ്ട്. ഭൗതിക പരിശോധനയിൽ ടേക്ക് എ ബ്രേക്കിന് നാളിതുവരെയും കറൻറ് കണക്ഷൻ ലഭിച്ചിട്ടില്ലാത്തതായും ഇൻസിനറേറ്റർ പ്രവർത്തന സജ്ജമാക്കാതെ ഉൾവശം തുരുമ്പെടുത്ത് നശിക്കുന്ന അവസ്ഥയിലുമാണുള്ളത്. പ്ലംബിങ് വർക്കുകൾ ചെയ്തിട്ടുണ്ടെങ്കിലും ടോയ്‌ലെറ്റിലേക്ക് ജലലഭ്യതയില്ല. ജല ലഭ്യതയില്ലാത്തതിനാൽ ടോയ്‌ലെറ്റ് ഉപയോഗയോഗ്യമല്ലാത്ത അവസ്ഥയിലുമാണുള്ളത്. കൂടാതെ കറന്റ് കണക്ഷൻ എടുക്കുന്നതിനായി സജ്ജമാക്കിയ സ്വിച്ച് ബോർഡുകളും വയറിങ്ങും കത്തി ഉരുകിയ നിലയിലാണ് കാണപ്പെട്ടത്. കൊല്ലപ്പള്ളി ടൗണിൽ പ്രവർത്തിക്കുന്ന കടകളിലും മറ്റ് വ്യാപാരസ്ഥാപനങ്ങളിലും ഉണ്ടാകുന്ന സകല മാലിന്യങ്ങളും കൂട്ടിയിട്ട കത്തിക്കുന്ന ചൂളയോട് ചേർന്ന് ടോയലെറ്റ് സമുച്ചയം നിർമ്മിച്ചതിനാലാണ് ഇങ്ങനെ സംഭവിച്ചത്.







ജി.ഒ.(എം.എസ്.)നം.362/2013തസ്വഭവ16-11-13 ഖണ്ഡിക 11.13, XIV(സി) പ്രകാരം ഒരു കെട്ടിട നിർമ്മാണ പ്രോജക്ട് തയ്യാറാക്കുമ്പോൾ ആ കെട്ടിടം ഉപയോഗിക്കാൻ കഴിയണമെങ്കിൽ എന്തെല്ലാം പ്രവൃത്തികൾ ചെയ്യണമോ അതെല്ലാം പ്രോജക്ടിൽ നിർബന്ധമായും ഉൾപ്പെടുത്തിയിരിക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നു. തുകയ്ക്ക് അനുസൃതമായി ഒരു കെട്ടിടത്തിന്റെ ഭാഗികമായ പ്രവൃത്തികൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കുവാനോ അംഗീകാരം നൽകുവാനോ പാടില്ല എന്നും തുകയുടെ പരിമിതിയുണ്ടെങ്കിൽ ബഹുവർഷ പ്രോജക്ടായി ഏറ്റെടുക്കണമെന്നും പ്രസ്തുത ഉത്തരവിൽ വ്യവസ്ഥ ചെയ്യുന്നു. പദ്ധതി ആസൂത്രണ മാർഗരേഖ സർക്കാർ ഉത്തരവ് 11/2018/തസ്വഭവ, തീയതി 29-01-2018 ഖണ്ഡിക 3.5.1 (9) പ്രകാരം കെട്ടിടനിർമാണ പ്രോജക്ടുകളുടെ കാര്യത്തിൽ കെട്ടിടത്തിന്റെ നിർമ്മാണം അനുബന്ധസൗകര്യങ്ങളായ ഇലക്ട്രിഫിക്കേഷൻ, പ്ലംബിംഗ് എന്നീ ഘടകങ്ങൾ എല്ലാം ഉൾപ്പെടുത്തി ഒറ്റ പ്രോജക്ടായി വേണം തയ്യാറാക്കേണ്ടതെന്ന് നിഷ്കർഷിക്കുന്നു. ഇപ്രകാരം കൃത്യമായ സർക്കാർ മാർഗനിർദേശങ്ങൾ നിലനില്ക്കുന്ന സാഹചര്യത്തിലും അവ പാലിക്കാതെ കെട്ടിട നിർമ്മാണം നടത്തിയതിനാലാണ് ഇപ്പോഴും പദ്ധതി പൂർത്തിയാക്കുവാനാവാത്തത്.

ഇൻസ്റ്റാൾ ചെയ്ത് ഒന്നര വർഷത്തിന് ശേഷവും ഇൻസിനറേറ്റർ പ്രവർത്തന സജ്ജമാക്കുവാൻ സാധിക്കാത്തതിനുള്ള വിശദീകരണവും ടോയ്‌ലെറ്റ് സമുച്ചയത്തിലേക്ക് വൈദ്യുതി കണക്ഷൻ ലഭ്യമാക്കുവാൻ സ്വീകരിച്ച തുടർനടപടികളുടെ വിശദാംശവും ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (17/22.03.2023) മറുപടിയായി സ്ഥിരമായ കറന്റ് കണക്ഷൻ എടുക്കുന്നതിലേക്കായി സാങ്കേതികാനുമതി ലഭ്യമാക്കുന്നതിന് ജില്ലാ പഞ്ചായത്ത് ഇലക്ട്രിക്കൽ സാങ്കേതിക വിഭാഗത്തിന് അപേക്ഷ നൽകിയിട്ടുള്ളതാണെന്നും കറന്റ് കണക്ഷനും വയറിങ്ങും പൂർത്തിയാക്കുന്ന മുറയ്ക്ക് ഇൻസിനറേറ്ററും ടോയ്‌ലറ്റും പൂർണ്ണ തോതിൽ പ്രവർത്തിച്ചു തുടങ്ങുന്നതാണ് എന്നറിയിച്ചിട്ടുണ്ട്. കെട്ടിടത്തിലേക്ക് വൈദ്യുതി കണക്ഷൻ ലഭിച്ചിട്ടില്ലാത്തതിനാലും ജല ലഭ്യതയില്ലാത്തതിനാലുമാണ് നാളിതുവരെയും പൊതുശൗചാലയവും ഇൻസിനറേറ്റർ ഉൾപ്പെടെയുള്ള അനുബന്ധ സൗകര്യങ്ങളും പ്രവർത്തന സജ്ജമാക്കുവാൻ സാധിക്കാത്തത്. ഇക്കാര്യം അതീവ ഗൗരവത്തോടെ പരിഗണിക്കേണ്ടതും

ടോയ്‌ലെറ്റ് സമുച്ചയം പ്രവർത്തനം ആരംഭിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ് . തുടർ പ്രോജക്ടുകൾ ആവിഷ്കരിച്ച് വഴിയോര വിശ്രമ കേന്ദ്രം യാഥാർഥ്യമാക്കാൻ ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു. പ്രവൃത്തി പൂർത്തീകരിയ്ക്കുന്നതുവരെ ഓഡിറ്റുവർഷം ചെലവഴിച്ച 43,109/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പദ്ധതി ലക്ഷ്യപ്രാപ്തി കൈവരിയ്ക്കുന്നതിനുള്ള തുടർ നടപടികൾ സംബന്ധിച്ച രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-22 പ്രേരക് മാർക്ക് നൽകിയ ഓണറേറിയം തുക തിരികെ ഈടാക്കേണ്ടതാണ്.

വൗച്ചർ നം.22100185/24.06.21, 22100186/24.06.21, നം.22100187/24.06.21 എന്നിവ പ്രകാരം യഥാക്രമം 3000/-, 4600/-, 4200/- എന്നിങ്ങനെ ആകെ 11,800/- രൂപ ഐക്കൊമ്പ്, കൊല്ലപ്പള്ളി, കുറുമണ്ണ് എന്നീ മേഖലകളിലെ പ്രേരക് മാർക്ക് തനത് ഫണ്ടിൽ നിന്നും ഹോണറേറിയം ഇനത്തിൽ നൽകിയിട്ടുണ്ട്.

26.02.21 ലെ സ.ഉ (സാധാ)നം.626/2021/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം സാക്ഷരതാ പ്രേരക് മാരുടെ 2020 ഡിസംബർ മുതലുള്ള ഓണറേറിയം സാക്ഷരതാ മിഷൻ, പിന്നീട് തദ്ദേശ സ്ഥാപനങ്ങൾക്ക് തിരികെ നൽകാമെന്ന വ്യവസ്ഥയോടെ തനത് ഫണ്ടിൽ നിന്നും നൽകുന്നതിന് അനുമതി നൽകിയിരുന്നു. ഇപ്രകാരം പ്രസ്തുത തുക സാക്ഷരതാ മിഷനിൽ നിന്നും തിരികെ ലഭ്യമായിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ടുനൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (നം-14/22.03.23) ലഭിച്ച മറുപടിയിൽ തുക സാക്ഷാരതാ മിഷനിൽനിന്ന് തിരികെ ലഭിക്കുന്നതിന് കത്ത് നൽകിയിട്ടുണ്ടെന്ന് അറിയിച്ചു.

സാക്ഷരതാ മിഷനിൽ നിന്നും ടി തുക ലഭിച്ചതിന്റെ രേഖകൾ സഹിതം മറുപടി നൽകേണ്ടതാണ്.

## 1-23 തിരിച്ചടവ് പൂർത്തിയായ ലോൺ അക്കൌണ്ടുകൾ ക്ലോസ് ചെയ്യേണ്ടതാണ്.

ഭവന വായ്പ നൽകുന്നതിന് ഗ്രാമപഞ്ചായത്ത് ആരംഭിച്ച താഴെ ചേർക്കുന്ന ബാങ്ക് അക്കൗണ്ടുകളിൽ ഭവന വായ്പാ തിരിച്ചടവ് പൂർത്തിയായതിനുശേഷവും തുകകൾ അവശേഷിക്കുന്നതായി വാർഷിക ധനകാര്യ പത്രികയിൽ ചേർത്തിരിക്കുന്നു.

1. കോട്ടയം ജില്ലാ കോ-ഓപ്പറേറ്റീവ് ബാങ്ക് (ഹൗസിംഗ്) അക്കൗണ്ടിൽ 38158/- രൂപ
2. Kottayam District Co-op Bank(MNLH)- അക്കൗണ്ടിൽ 2,82,960.00 രൂപ

ഓഡിറ്റ് എൻക്വയറി നം.13/22.03.2023 ന് ലഭ്യമാക്കിയ മറുപടിയിൽ കോട്ടയം ജില്ലാ കോപ്പറേറ്റീവ് ബാങ്ക് ഹൗസിംഗ് അക്കൗണ്ടിൽ ഉള്ള 38158/- രൂപ പലിശ ഇനത്തിൽ ലഭിച്ചിരിയ്ക്കുന്ന തുകയാണ് എന്നും Kottayam District Co-op Bank(MNLH)- അക്കൗണ്ടിൽ അവശേഷിയ്ക്കുന്ന 2,82,960.00 രൂപ തനത് ഫണ്ടിൽ നിന്നും ചെലവഴിച്ച തുക ഗവൺമെന്റിൽ നിന്നും തിരികെ ലഭിച്ചിരിയ്ക്കുന്നതും പലിശ ഇനത്തിൽ ലഭിച്ചിരിയ്ക്കുന്ന തുകയും കൂടിയുള്ളതാണ് എന്നും ടി തുകകൾ പഞ്ചായത്ത് ഫണ്ടിലേയ്ക്ക് മാറ്റി നിക്ഷേപിക്കുന്നതിന് അടിയന്തര നടപടി സ്വീകരിയ്ക്കുന്നതാണെന്നും അറിയിച്ചു.

ടി അക്കൗണ്ടിൽ അവശേഷിക്കുന്ന ബാലൻസ് തുക തനത് ഫണ്ടിന്റെ അക്കൗണ്ടിലേയ്ക്ക് മാറ്റി നിക്ഷേപിക്കേണ്ടതും ടി അക്കൗണ്ടുകൾ ക്ലോസ് ചെയ്ത് രേഖകൾ സഹിതം മറുപടി നൽകേണ്ടതുമാണ്.

## 1-24 യുപിഎസ് വാങ്ങൽ- സ്രോതസ്സിൽ നിന്നും കിഴിവ് ചെയ്യേണ്ട ജിഎസ് ടി ഈടാക്കിയില്ല

| | |
|---|---|
| പ്രൊജക്റ്റ് നം&പേര് | 11/22 പഞ്ചായത്ത് ഓഫീസിലേക്ക് ശേഷി കൂടിയ യുപിഎസ് വാങ്ങൽ |
| അടങ്കൽ | 3,50,000/-(വികസനഫണ്ട്-പൊതുവിഭാഗം) |
| ചെലവ് | 3,34,000/-(Bill No 36/17-2-22) |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |

പ്രസ്തുത പ്രൊജക്റ്റിന്റെ ഭാഗമായി ജെം മുഖേന ഹൈക്കൺ ഇൻഡ്യാ ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ

നിന്നും ഇൻവോയിസ് നം OLG-B/2122005348 /31-1-2022 പ്രകാരം 10KVA യുപിഎസ്, ബാറ്ററി, ബാറ്ററി സ്റ്റാൻഡ് എന്നിവ വാങ്ങുകയുണ്ടായി. എന്നാൽ ബിൽ തുകയിൽ നിന്നും സ്രോതസിൽ കുറവ് ചെയ്യേണ്ടിയിരുന്ന ജിഎസ് ടി കുറവ് ചെയ്തിരുന്നില്ലായെന്ന് കാണുന്നു. ആകെ മൂല്യം 2.5 ലക്ഷത്തിന് മുകളിൽ വരുന്ന പർച്ചേസ് ബില്ലുകളിൽ നിന്നും 2% തുക TDSആയി കുറവ് ചെയ്യേണ്ടിയിരുന്നു. ടി തുക കുറവുചെയ്യാതിരുന്നതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(നം 8/21-3-23) മറുപടിയായി മനപൂർവ്വമല്ലാത്ത പിശക് സംഭവിച്ചിരുന്നുവെന്നും ജിഎസ് ടി തുക ഹൈക്കൺ ഇൻഡ്യാ ലിമിറ്റഡ് പൂർണ്ണമായും അടച്ചതായി അറിയിച്ചു. എന്നാൽ ഹൈക്കൺ ഇൻഡ്യാ ലിമിറ്റഡ് തുക അടച്ചതിനെ സാധൂകരിക്കുന്ന രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിരുന്നില്ല. രേഖകൾ ഹാജരാക്കാത്ത പക്ഷം 2% ജിഎസ് ടി തുകയായ 6680/-രൂപ (334000x2%)ഈടാക്കി സർക്കാരിലേക്ക് ഒടുക്കി വിവരം അറിയിക്കേണ്ടതാണ്.

1-25 തെരുവുവിളക്കുകളുടെ സംരക്ഷണം-പ്രൊജക്റ്റ് നടത്തിപ്പിലെ അപാകതകൾ

| പ്രൊജക്റ്റ് നം&പേര് | 18/22 തെരുവുവിളക്ക് സംരക്ഷണം -സാധനങ്ങൾ വാങ്ങൽ | 86/22 തെരുവുവിളക്ക് സംരക്ഷണം- സാധനങ്ങൾ വാങ്ങലും ലേബർ ചാർജ്ജ് നൽകലും |
|---|---|---|
| അടങ്കൽ | 50,000/-(തനത് ഫണ്ട്) | 3,00,000/-(CFC ഗ്രാന്റ്) |
| ചെലവ് | 47114/- | 1,98,153/- |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി | സെക്രട്ടറി |

1. 18/22 തെരുവുവിളക്ക് സംരക്ഷണം സാധനങ്ങൾ വാങ്ങൽ പ്രൊജക്റ്റ് പ്രകാരം കണ്ടത്തിൽ ചിറയിൽ ട്രേഡ് ലിങ്ക്സ് എന്ന സ്ഥാപനത്തിൽ നിന്നും 560 എണ്ണം 9W LED ബൾബുകൾ ഉൾപ്പടെയുള്ള ഇലക്ട്രിക് ഉപകരണങ്ങൾ വാങ്ങിയിരുന്നു. എന്നാൽ വാങ്ങിയ ഉപകരണങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് കൃത്യമായ വിനിയോഗം രേഖപ്പെടുത്തിയിരുന്നില്ല. പ്രസ്തുത വിഷയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(നം 8/21-3-23) മറുപടിയായി പ്രസ്തുത ഉപകരണങ്ങൾ 86/22 തെരുവുവിളക്ക് സംരക്ഷണം- സാധനങ്ങൾ വാങ്ങലും ലേബർ ചാർജ്ജ് നൽകലും എന്ന പദ്ധതിയുടെ ഭാഗമായിട്ടാണ് സ്ഥാപിച്ചിട്ടുള്ളതെന്നും വാർഡ് മെമ്പർമാർ സാക്ഷ്യപ്പെടുത്തി നൽകിയവയിൽ ഇവയും ഉൾപ്പെടുന്നതായി അറിയിച്ചിട്ടുണ്ട്. എന്നാൽ ടി മറുപടി കൃത്യമല്ല. മെമ്പർമാർ വാർഡുകളിലെ പോസ്റ്റുകളിൽ ഉപയോഗിച്ച ലൈറ്റുകളുടെയും മറ്റ് ഉപകരണങ്ങളുടെയും വിവരം സാക്ഷ്യപ്പെടുത്തിയിട്ടില്ല. വാങ്ങുന്ന ഉപകരണങ്ങളുടെ വിനിയോഗം സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് കൃത്യമായി നിരീക്ഷിക്കേണ്ടതാണ്.

2. 86/22 തെരുവുവിളക്ക് സംരക്ഷണം- സാധനങ്ങൾ വാങ്ങലും ലേബർ ചാർജ്ജ് നൽകലും എന്ന പ്രൊജക്റ്റിന്റെ ഭാഗമായി തെരുവു വിളക്കുകളുടെ അറ്റകുറ്റപ്പണിയ്ക്കും ലൈറ്റുകൾ ഉൾപ്പെടെയുള്ള ഉപകരണങ്ങളുടെ വാങ്ങലിനുമായി ശ്രീ വിനോദ് റ്റി.കെ, തടത്തിൽ എന്നയാളുടെ കരാർ അംഗീകരിച്ചിരുന്നു. എന്നാൽ ടി കരാറുകാരനുമായി ഗ്രാമപഞ്ചായത്ത് കരാറിലേർപ്പെട്ടിരുന്നില്ല. പ്രസ്തുത പ്രൊജക്റ്റിന്റെ ഭാഗമായും 500 എണ്ണം 9W LED ലൈറ്റുകൾ ഉപയോഗിച്ചതിന്റെ ബിൽ തുക കരാറുകാരന് നൽകിയിരുന്നു. എന്നാൽ പ്രൊജക്ട് നം 18/22 പ്രകാരമുള്ള 560 LED ലൈറ്റുകളും പ്രസ്തുത പ്രൊജക്റ്റ് പ്രകാരമുള്ള 500 LED ലൈറ്റുകളും ഉൾപ്പടെ 1060 ലൈറ്റുകളുടെ സ്ഥാപനം സംബന്ധിച്ച വിവരം ഫയലിലോ സ്റ്റോക്ക് രജിസ്റ്ററിലോ രേഖപ്പെടുത്തിയിട്ടില്ല. കൂടാതെ സ്ട്രീറ്റ് ലൈറ്റ് രജിസ്റ്റർ, മെമ്പർമാരുടെ സാക്ഷ്യപത്രം എന്നിവ പ്രകാരം 914 ഇലക്ട്രിക് പോസ്റ്റുകളിലാണ് റിപ്പയറിങ്ങ് നടത്തിയത്. എന്നാൽ 935 ലൈറ്റുകൾക്ക് റിപ്പയറിങ്ങിനായി 103 /- രൂപ നിരക്കിൽ തുക നൽകിയിട്ടുണ്ട്. പ്രസ്തുത വിഷയത്തിൽ

നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം 8/21-3-23) മറുപടിയായി പുതുതായി സ്ഥാപിച്ച 30 സ്ട്രീറ്റ് ലൈറ്റുകളുടെ എണ്ണം രജിസ്റ്ററിൽ ഉൾപ്പെടാതിരുന്നതിനാലാണ് എണ്ണത്തിൽ പിശക് വന്നത് എന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ ഈ മറുപടി അംഗീകരിക്കാവുന്നതല്ല. 2021-22 വർഷം തയ്യാറാക്കിയ സ്ട്രീറ്റ് ലൈറ്റ് രജിസ്റ്റർ പ്രകാരവും മെമ്പർമാരുടെ സാക്ഷ്യപത്രം പ്രകാരവും 914 ലൈറ്റുകൾ മാത്രമാണ് ഉള്ളത്. ഈ സാഹചര്യത്തിൽ കരാറുകാരന് അധികമായി നൽകിയ 31 ലൈറ്റുകളുടെ റിപ്പയറിങ്ങ് ചാർജ്ജ് 3193/-രൂപ (31xRs103/-) കരാറുകാരനിൽ നിന്നും ഈടാക്കി സർക്കാരിലേക്ക് അടയ്ക്കേണ്ടതാണ്.

## 1-26 വിട്ടുകിട്ടിയ സ്ഥാപനങ്ങൾക്ക് ഫർണീച്ചർ വാങ്ങൽ -വിതരണ വിവരം പൂർണ്ണമല്ല

| | |
|---|---|
| പ്രൊജക്റ്റ് നം&പേര് | 114/22 വിട്ടുകിട്ടിയ സ്ഥാപനങ്ങൾക്ക് ഫർണീച്ചർ വാങ്ങൽ |
| അടങ്കൽ | 1,36,770/-(MGNR) |
| ചെലവ് | 1,36,210/-(Bill No 20/4-10-21) |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |

പ്രസ്തുത പ്രൊജക്റ്റിന്റെ ഭാഗമായി ടെൻഡർ ക്ഷണിക്കുകയും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത വെള്ളക്കൽ ഇൻഡസ്ട്രീസ് എന്ന സ്ഥാപനത്തിൽ നിന്നും ഇൻവോയിസ് നം 218/30-3-21 പ്രകാരം താഴെ ചേർക്കുന്ന ഉപകരണങ്ങൾ വാങ്ങിയവ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് വിട്ടുകിട്ടിയ സ്ഥാപനങ്ങൾക്ക് വിതരണം ചെയ്തതായി രേഖപ്പെടുത്തിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫർണീച്ചർ | വാങ്ങിയത് | വിതരണം ചെയ്തത് | ബാലൻസ് |
|---|---|---|---|
| കമ്പ്യൂട്ടർ ചെയർ | 2 | 0 | 2 |
| റിവോൾവിങ്ങ് ചെയർ | 5 | 4 | 1 |
| അലമാര | 4 | 3 | 1 |
| ഓഫീസ് ടേബിൾ | 9 | 5 | 4 |
| ഓഫീസ് ചെയർ | 9 | 6 | 3 |
| കമ്പ്യൂട്ടർ ടേബിൾ | 3 | 0 | 3 |

പ്രസ്തുത വിഷയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം 8/21-3-23) ലഭ്യമാക്കിയ മറുപടിയിൽ വാങ്ങിയഉപകരണങ്ങൾ മുഴുവനും വിതരണം ചെയ്തതായി അറിയിച്ചു. എന്നാൽ മറുപടിയെ സാധൂകരിക്കുന്ന രേഖകളൊന്നും പരിശോധനയ്ക്ക് ലഭ്യമായില്ല. സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് വിതരണം ആധികാരികമാക്കിയിട്ടില്ല. 136210/-രൂപ ചെലവഴിച്ച് വാങ്ങിയ ഉപകരണങ്ങൾ സ്റ്റോക്കിൽ ചേർത്ത് വരവ് വെയ്ക്കുകയോ, യഥാവിധി നമ്പരിട്ട് വിതരണം രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ലാത്തതിനാൽ ആയത് ലഭ്യമാക്കുന്നത് വരെ ടി ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-27 വിവിധ വാർഡുകളിലെ കുഴൽക്കിണർ നിർമ്മാണത്തിന് തുക നിക്ഷേപിക്കൽ-വിനിയോഗസാക്ഷ്യപത്രം ലഭ്യമായില്ല

| | |
|---|---|
| പ്രൊജക്റ്റ് നം&പേര് | 160/22 വിവിധ വാർഡുകളിൽ കുഴൽക്കിണർ |

| | |
|---|---|
| അടങ്കൽ | 4,90,000/-(CFCഗ്രാന്റ്)+ 5000/-(തനത് ഫണ്ട്)= 4,95,000/- |
| ചെലവ് | 4,90,000/-(XVFC/P/16/30-3-22)+ 5000/-(ചെക്ക് നം2674490/26-3-22) = 4,95,000/- |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |

ഗ്രാമപഞ്ചായത്തിലെ 9 വാർഡുകളിൽ കുഴൽക്കിണർ സ്ഥാപിക്കുന്നതിനായി 4,95,000/-രൂപ കോട്ടയം ഭൂജലവകുപ്പിൽ നിക്ഷേപിച്ചിരുന്നു. എന്നാൽ ഭൂജലവകുപ്പുമായി ഗ്രാമപഞ്ചായത്ത് കരാറിലേർപ്പെട്ടിരുന്നില്ല. കുഴൽ കിണർ നിർമ്മാണം നടത്തിയതിന്റെ മോണിറ്ററിങ്ങ് റിപ്പോർട്ട്, വിനിയോഗസാക്ഷ്യപത്രം എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. വിനിയോഗസാക്ഷ്യപത്രം ലഭിക്കുന്നതു വരെ ഈയിനത്തിൽ ചെലവഴിച്ച 4,95,000/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-28 ഈടാക്കിയ കാലിബാരൽ വില, ജി.എസ്.റ്റി എന്നിവ അതാതുഫണ്ടുകളിൽ തിരികെ ഒടുക്കിയിട്ടില്ല

സി.പി.ഡബ്ല്യു.ഡി സ്പെസിഫിക്കേഷൻ 16.4.2.1 അനുസരിച്ച് ടാറിംഗ് പ്രവൃത്തികളിൽ കാലിബാരലുകൾ കേടുപാടുകൾ കൂടാതെ തിരിച്ച് നല്കിയില്ലെങ്കിൽ വില ഈടാക്കാവുന്നതാണ്. ഇതിന് വകുപ്പ് വില നിശ്ചയിച്ചിട്ടുള്ളത് 238/-രൂപയും ജി.എസ്.റ്റിയുമാണ്. താഴെപറയുന്ന പ്രവൃത്തികളിൽ കാലിബാരൽ വില ജി.എസ്.റ്റി എന്നിവ ഈടാക്കിയെങ്കിലും ഈ തുകകൾ അതാതു ഫണ്ടുകളിൽ തിരികെ ഒടുക്കാതെ പഞ്ചായത്ത് ഫണ്ടിൽ (ട്രഷറി അക്കൗണ്ട് നം 799013000000070) തന്നെ സൂക്ഷിച്ചിരിക്കുന്നു, ഈ തുകകൾ അതാതു ഫണ്ടുകളിൽ തിരികെ ഒടുക്കേണ്ടതാണ്.

| പ്രോജക്ട് നം | പ്രവർത്തിയുടെ പേര് | ബിറ്റുമിൻ ബാരലുകളുടെ വില | ജി.എസ്.റ്റി തുക |
|---|---|---|---|
| 27/22 | നിരപ്പ് കിഴിമണ്ണ് റോഡ് റീ ടാറിങ്ങ് (9 ബാരലുകൾ) | 2142 | 386 |

ഈ തുകകൾ അതാതുഫണ്ടുകളിൽ തിരികെ ഒടുക്കി വിവരം രേഖാമൂലം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണെന്ന് ചൂണ്ടിക്കാട്ടി നൽകിയ അന്വേഷണക്കുറിപ്പിന് (നം 9/21.03.23) തുകകൾ അതാതു ഫണ്ടുകളിൽ തിരികെ ഒടുക്കാൻ നടപടി സ്വീകരിക്കുന്നതാണന്നറിയിച്ചു. തുക അതാതു ശീർഷകങ്ങളിൽ ഒടുക്കി രേഖകൾ സഹിതം വിവരം അറിയിക്കേണ്ടതാണ്.

## 1-29 പാലസ് കാവുംകണ്ടം റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തിയുടെ ക്വാളിറ്റി ടെസ്റ്റിങ്ങ്- ഫലം ലഭ്യമാക്കിയില്ല

പാലസ് കാവുംകണ്ടം റോഡ് കോൺക്രീറ്റിംഗ് എന്ന പ്രവൃത്തിയുടെ ക്വാളിറ്റി ടെസ്റ്റിനായി സാമ്പിൾ എടുക്കുകയും അവ എം. എ കോളേജ് ഓഫ് എൻജിനീയറിങ് കോതമംഗലം എന്ന സ്ഥാപനത്തിൽ അയച്ചു പരിശോധിക്കുകയും ചെയ്തിട്ടുണ്ട്, എന്നാൽ പരിശോധന ഫലം ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല.

പ്രോജക്ട് നമ്പർ -97/22

എം ബുക്ക് നം -64/21-22

കരാറുകാരൻ -ശ്രീ അനീഷ് കുമാർ ടി

ബിൽ നം -1/21-22 തുക -483219/- തീയതി -29/01/22

12/1/2022 ൽ പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ള ഈ റോഡിന്റെ സർഫസിന് ഡാമേജ് സംഭവിച്ചതിനെ തുടർന്ന് കരാറുകാരനോട് വീണ്ടും പ്രവൃത്തി ചെയ്യാൻ ആവശ്യപ്പെടുകയും തുടർന്ന് 19/9/22 ൽ വീണ്ടും റോഡ് കോൺക്രീറ്റ് നടത്തുകയും ചെയ്തു. റോഡിന്റെ ക്യൂറിങ് കാലാവധിയായ 14 ദിവസത്തിനുള്ളിൽ ചില വ്യക്തികൾ നിയന്ത്രണങ്ങൾ മറികടന്ന് വാഹനങ്ങൾ പ്രവേശിപ്പിച്ചതിനാലാണ് കോൺക്രീറ്റിന് തകരാർ ഉണ്ടായതെന്ന് കരാറുകാരൻ മറുപടി നൽകിയിട്ടുണ്ട്. നിർമ്മാണം പൂർത്തിയായ ശേഷം പ്രവൃത്തിയിൽ തകരാറുകൾ കണ്ടെത്തുകയും പിന്നീട് വീണ്ടും കരാറുകാരനെ കൊണ്ട് പ്രവൃത്തി ചെയ്യിപ്പിക്കുകയും ചെയ്തിട്ടും ക്വാളിറ്റി ടെസ്റ്റിങ് നടത്തിയതിന്റെ വിശദാംശങ്ങൾ ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല. ഓഡിറ്റ് വിഭാഗം 22.03.2023 ൽ നേരിട്ട് നടത്തിയ സ്ഥലപരിശോധനയിൽ റോഡിൽ തകരാറുകളൊന്നും കണ്ടെത്താനായില്ല. എങ്കിലും നിർമ്മാണ നിലവാരം ഉറപ്പാക്കുന്നതിനായി ക്വാളിറ്റി ടെസ്റ്റിങ് ഫലം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

### 1-30 വിവിധ അങ്കണവാടികളുടെ വയറിങ് - പ്രവൃത്തികൾ നടപ്പാക്കിയ അംഗൻവാടികളുടെ വിശദാംശങ്ങൾ ലഭിച്ചില്ല

| | |
|---|---|
| പ്രൊജക്റ്റ് നം&പേര് | 44/22 വിവിധ അംഗൻവാടികളുടെ വയറിങ് |
| അടങ്കൽ | 4,00,000/-(MGNR) |
| ചെലവ് | 297202/-(Bill No 16/27-3-22) |
| നിർവ്വഹണോദ്യോഗസ്ഥൻ<br>കരാറുകാരൻ | ഐസിഡിഎസ് സൂപ്പർവൈസർ<br>ശ്രീ.അരുൺ എസ്, ആസ്പെയർ ഇലക്ട്രിക്കൽസ് |

പ്രസ്തുത പ്രൊജക്റ്റിന്റെ നിർവ്വഹണത്തിൽ താഴെപ്പറയുന്ന അപാകതകൾ കാണപ്പെട്ടു.

1. പ്രസ്തുത പ്രൊജക്റ്റിന് ഭരണാനുമതി, സാങ്കേതികാനുമതി എന്നിവ കിട്ടിയത് 3,00,000/-രൂപയ്ക്കാണ്. എന്നാൽ അടങ്കൽ തുകയായി 4,00,000/-രൂപ വകയിരുത്തിയതിന് വിശദീകരണം ലഭ്യമാക്കിയിരുന്നില്ല.

2. അനുബന്ധ ഉപകരണങ്ങൾ വാങ്ങുന്നതുൾപ്പെടെ വയറിംഗിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കിയത് ഏത് അങ്കണവാടിയിലേക്കാണ് എന്നത് എസ്റ്റിമേറ്റിൽ വ്യക്തമാക്കിയിട്ടില്ല. പ്രസ്തുത പ്രൊജക്റ്റിന്റെ ഭാഗമായി 19-ാം നമ്പർ അംഗൻവാടിയ്ക്ക് 1.5 ടൺ എയർ കണ്ടീഷണർ സ്ഥാപിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച വിശദമായ എസ്റ്റിമേറ്റ് റിപ്പോർട്ട് തയ്യാറാക്കിയിരുന്നില്ല. കരാറുകാരൻ കൈമാറി നൽകിയ ഉപകരണങ്ങൾ ഏതൊക്കെ അങ്കണവാടികളിൽ ഉപയോഗിച്ചിരുന്നുവെന്നതിന്റെ രേഖകളില്ല.

വിനിയോഗവിവരം കൃത്യമല്ലാത്തതിനാലും അപാകത ചൂണ്ടിക്കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം23/23-3-23) മറുപടി ലഭ്യമാക്കാത്തതിനാലും ടിയിനത്തിൽ ചെലവഴിച്ച 297202/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

### 1-31 അങ്കണവാടി പോഷകാഹാരം- വിതരണവിവരം കൃത്യമല്ല

| | |
|---|---|
| പ്രൊജക്റ്റ് നം&പേര് | 2/22അങ്കണവാടി പോഷകാഹാരം |
| അടങ്കൽ | 27,27,440/- |
| ചെലവ് | 21,93,394/- |

| നിർവ്വഹണോദ്യോഗസ്ഥൻ | ഐസിഡിഎസ് സൂപ്പർവൈസർ |
|---|---|

പ്രസ്തുത പ്രൊജക്റ്റ് പ്രകാരം കേന്ദ്രവിഹിതമായി നൽകിയ 6,07,954/- രൂപയിൽ (ചെക്ക് നം 11996/5-8-21), 4-8-21, 24-8-21തീയതികളിൽ 1074Kgവീതം ആകെ 2148Kg അമൃതം ന്യൂട്രിമിക്സ് ലഭ്യമായതിൽ സ്റ്റോക്ക് രജിസ്റ്ററിൽ പേജ് 46 ൽ രണ്ടു ദിവസത്തെയും കൂടി ആകെ 1024Kg മാത്രമാണ് വിതരണം നടത്തിയത്. വിതരണവിവരം ലഭ്യമല്ലാതിരുന്ന ന്യൂട്രിമിക്സിന്റെ അളവ് 1124 Kg(1074Kgx2-1024Kg).

അമൃതം ഫുഡ്പ്രോഡക്സിന്റെ 73/20.09.21 നമ്പർ ബിൽ പ്രകാരം ലഭ്യമായത് 1083KG ന്യൂട്രിമിക്സാണ്. എന്നാൽ സ്റ്റോക്ക് രജിസ്റ്റർ പേജ് 48 ൽ 1072Kg മാത്രമേ വിതരണം ചെയ്തതായി കാണുന്നുള്ളൂ. വിതരണവിവരം ലഭ്യമല്ലാതിരുന്ന ന്യൂട്രിമിക്സിന്റെ അളവ് 11Kg(1083Kg- 1072Kg) . ആകെ വിതരണവിവരം ലഭ്യമല്ലാതിരുന്ന 1124+11=1135 Kg ന്യൂട്രിമിക്സിന്റെ 75/-രൂപ നിരക്കിലുള്ള വിലയായ 85125/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. വിതരണവിവരം ലഭ്യമാക്കി തടസ്സം ഒഴിവാക്കാത്തപക്ഷം തുക തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-32 ലൈഫ് ഭവനപദ്ധതി വിലയിരുത്തൽ

2021-22 വർഷം 23 /22, 28 /22, 9 /22 പ്രോജക്ടുകൾ പ്രകാരമാണ് യഥാക്രമം ജനറൽ, പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ലൈഫ് ഭവന പദ്ധതി നടപ്പാക്കിയത്. ജനറൽ വിഭാഗത്തിൽ 2ഉം, പട്ടികവർഗ്ഗ വിഭാഗത്തിൽ 1ഉം എന്നിങ്ങനെ ആകെ 03 ഗുണഭോക്താക്കൾക്ക് സ്ഥലം വാങ്ങലിന് ധനസഹായം നൽകി. ഭവനനിർമ്മാണ പൂർത്തീകരണം സംബന്ധിച്ച ഗുണഭോക്താക്കളുടെ വിശദാംശം താഴെ ചേർക്കുന്നു.

| വിഭാഗം | ഗുണഭോക്താക്കൾ | നിലവിൽ ഭവനനിർമ്മാണം പൂർത്തിയാക്കിയവർ | ഭവനനിർമ്മാണം പൂർത്തിയാക്കാൻ അവശേഷിക്കുന്നവർ |
|---|---|---|---|
| ജനറൽ | 10 | 10 | 0 |
| പട്ടികജാതി | 6 | 5 | 1 |
| പട്ടികവർഗ്ഗം | 2 | 1 | 1 |
| ആകെ | 18 | 16 | 2 |

ലൈഫ് മൂന്നാം ഘട്ടത്തിൽ ഭവനനിർമ്മാണം പൂർത്തിയാക്കാനുള്ള ഗുണഭോക്താക്കളുടെ വിവരം ലൈഫ് രജിസ്റ്റർ പ്രകാരമുള്ളത് ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര്/ വാർഡ് | വിഭാഗം | സ്റ്റേജ് | 2021-22 വർഷം കൈപ്പറ്റിയ തുക |
|---|---|---|---|---|
| 1. | സരസമ്മ ശിവരാമൻ<br>ഉറുമാൻ കുഴിയിൽ<br>നീലൂർ | എസ്റ്റി | ലിന്റൽ | 47846/- |
| 2. | ഗോപാലൻ കെ കെ,<br>കലമലയിൽ, മേരിലാന്റ് | എസ് സി | ലിന്റൽ | 60000/- |

പൂർത്തിയാക്കാൻ അവശേഷിക്കുന്ന ഭവനനിർമ്മാണങ്ങൾ പൂർത്തിയാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

1-33 ഓഡിറ്റ് ഇംപാക്ട്

പ്രൊജക്ട് നം 139/22 സോളാർ തെരുവുവിളക്കുകളുടെ അറ്റകുറ്റപ്പണിയും മാറ്റിസ്ഥാപിക്കലും പ്രൊജക്ട് പ്രകാരം 16 സോളാർ ലൈറ്റുകളുടെ അറ്റകുറ്റപ്പണിയ്ക്കായി അംഗീകൃത ഏജൻസിയായ ഊർജ്ജമിത്രയ്ക്ക് 1500/-രൂപ നിരക്കിലാണ് തുക നൽകിയത്. എന്നാൽ ANERTഡയറക്ടറുടെ 9-8-19 ലെ AO135/VM /ANERTനമ്പർ ഉത്തരവ് പ്രകാരം 16-25 വരെയുള്ള സോളാർ ലൈറ്റുകളുടെ സർവ്വീസ് ചാർജ്ജ് 900/-രൂപയാണ്. 600/- രൂപ നിരക്കിൽ 16 ലൈറ്റുകൾക്ക് തുക അധികം നൽകിയ വിവരം ചൂണ്ടിക്കാണിച്ച് ഓഡിറ്റ് എൻക്വയറി (നം 8/21-3-23) നൽകിയതിന്റെ അടിസ്ഥാനത്തിൽ 9600/- രൂപ 22-3-23 ലെ രസീത് നം 1220103895 പ്രകാരം ഊർജ്ജമിത്ര, പാല തിരികെ അടച്ചിരുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി |
|---|---|
| 2021-2022 | 20.03.2023 |

ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.

4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം

സംയുക്ത പ്രോജക്ടിനായി ബ്ലോക്ക് പഞ്ചായത്ത്, കോട്ടയം ജില്ലാ പഞ്ചായത്ത്, എന്നീ സ്ഥാപനങ്ങളിൽ നിന്ന് വിഹിതം ലഭിച്ചത് പഞ്ചായത്ത് ഫണ്ടിൽ അവശേഷിക്കുന്നുണ്ട്. 2021-22 ൽ ഫണ്ടിന്റെ വിനിയോഗം സുലേഖ ചെലവ് പത്രിക പ്രകാരമുള്ളത് ചുവടെ ചേർക്കുന്നു.

| വിഹിതം നല്കിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര്(നം.) | ചെലവ് | ബാക്കി |
|---|---|---|---|---|---|
| ളാലം ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 77737 | പാലിയേറ്റീവ് കെയർ (30/22) | 77737 | 0 |
| ” | 2021-22 | 43000 | ലൈഫ് മിഷൻ പാർപ്പിട പദ്ധതി | 43000 | |

| | | | | | |
|---|---|---|---|---|---|
| | | | – പട്ടികവർഗ്ഗ വിഭാഗം (28/22) | | |
| ” | ” | 465400 | ലൈഫ് മിഷൻ പാർപ്പിട പദ്ധതി – പട്ടികജാതി വിഭാഗം (19/22) | 465400 | |
| ” | ” | 50000 | സ്കോളർഷിപ്പ് (3/22) | 50000 | |
| ” | ” | 75000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി (98/22) | 75000 | |
| ഒട്ടാകെ | | 711137 | ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 711137 | |
| ജില്ലാ പഞ്ചായത്ത്, കോട്ടയം | 2021-22 | 140000 | ലൈഫ് മിഷൻ പാർപ്പിട പദ്ധതി – പട്ടികവർഗ്ഗ വിഭാഗം (28/22) | 140000 | 0 |
| | ” | 500000 | ലൈഫ് മിഷൻ പാർപ്പിട പദ്ധതി – പട്ടികജാതി വിഭാഗം (19/22) | 500000 | |
| | 2021-22 | 258640 | ലൈഫ് മിഷൻ പാർപ്പിട പദ്ധതി -ജനറൽ (23/22) | 258640 | 0 |
| | 2021-22 | 400000 | സ്കോളർഷിപ്പ് (3/22) | 400000 | 0 |
| ” | ” | 446252 | അങ്കണവാടി പോഷകാഹാരം (2/22) | 446252 | |
| ” | ” | 128031 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി (98/22) | 128031 | |
| ആകെ | | 1872923 | ജില്ല പഞ്ചായത്ത് വിഹിതം | 1872923 | - |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | പ്രോജക്റ്റ് നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ഭൂജല വകുപ്പ് | വിവിധ വാർഡുകളിൽ കുഴൽ കിണർ നിർമ്മാണം | 160/22 | 495000 | 0 | 495000 |
| കെ എസ് ഇ ബി | കൊല്ലപ്പള്ളി വാർഡിൽ വിവിധ ഭാഗങ്ങളിൽ സ്ട്രീറ്റ് മെയിൻ വലിക്കൽ | 116/22 | 348193 | 0 | 348193 |
| ” | എലിവാലി വാർഡിൽ വിവിധ ഭാഗങ്ങളിൽ സ്ട്രീറ്റ് മെയിൻ വലിക്കൽ, മീറ്റർ സ്ഥാപിക്കൽ | 157/22 | 123546 | 0 | 123546 |
| ” | മാനത്തൂർ വാർഡിൽ വിവിധ ഭാഗങ്ങളിൽ സ്ട്രീറ്റ് മെയിൻ വലിക്കൽ, മീറ്റർ സ്ഥാപിക്കൽ | 158/22 | 123428 | 0 | 123428 |
| ” | സ്ട്രീറ്റ് മെയിൻ വലിക്കൽ, മീറ്റർ സ്ഥാപിക്കൽ, കടനാട് വാളികുളം റോഡ് പാലസ് കാവുംകണ്ടം റോഡ് എന്നിവിടങ്ങളിൽ | 159/22 | 152000 | 0 | 152000 |
| അനെർട്ട് | സോളാർ തെരുവ് വിളക്കുകളുടെ | 139/22 | 424400 | 424400 | 0 |

| | | | | | |
|---|---|---|---|---|---|
| | അറ്റകുറ്റപ്പണിയും മാറ്റി സ്ഥാപിക്കലും | | | | |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി തുകയൊന്നും നൽകിയിട്ടില്ല.

## 4-5 വായ്പ/വായ്പ തിരിച്ചടവ്

2020-21 വർഷം പഞ്ചായത്തിന് KURDFC വായ്പ ലഭിച്ചതിന്റേയും തിരിച്ചടച്ചതിന്റേയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടേയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻ വർഷം എടുത്ത വായ്പ | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി ഹഡ്കോ വായ്പ(KURDFC) | ജിഒ (എം.എസ്) 68/2018/ തസ്വഭവ/18.5.2018 | 7175459 | 0 | 1085333 | - | 6090126 |

## 4-6 സ്ഥിരനിക്ഷേപങ്ങൾ

നിക്ഷേപ സർട്ടിഫിക്കറ്റ്, സ്ഥിരനിക്ഷേപ രജിസ്റ്റർ എന്നിവ പരിശോധിച്ചതിൻ പ്രകാരമുള്ള 2021-22 വർഷത്തെ സ്ഥിരനിക്ഷേപ കണക്കുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 510408 |
| തൻവർഷം നിക്ഷേപിച്ച തുക (FD പലിശ) | 39557 |
| ആകെ | 549965 |
| തന്നാണ്ടിൽ പിൻവലിച്ച തുക | ഇല്ല |
| 31/03/2022-ൽ അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 549965 |

സ്ഥിരനിക്ഷേപത്തിന്റെ ബാങ്ക്, FD അക്കൗണ്ട് നമ്പർ എന്നിവ താഴെ കൊടുക്കുന്നു.

| | |
|---|---|
| നിക്ഷേപിച്ച ബാങ്ക് | The Kadanad SCB Ltd No.K2 |
| ബാങ്ക് ശാഖ(കോഡ്) | കടനാട് |
| എഫ്. ഡി. അക്കൗണ്ട് നം. (4 അക്കൗണ്ടുകൾ) | 5946/K, 5947/K, 5948/K, 5949/K |

## 4-7 ഓഡിറ്റ് റിക്കവറി

2021-22 വാർഷിക ധനകാര്യ പത്രിക പ്രകാരം ഓഡിറ്റ് റിക്കവറി ഇനത്തിൽ വരവില്ല.

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | വർഷം | | | |
| 2010-11 | പ്രവർത്തനാവലോകനം-തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ദുരിതാശ്വാസനിധി | 2012-13 | 2-7 പേജ് 8 | തുകയുടെ വിനിയോഗം സംബന്ധിച്ച വൌച്ചറുകൾ സൂക്ഷിച്ചിട്ടില്ല. ദുരിതാശ്വാസ നിധിയിൽ നിന്ന് ചെലവഴിച്ച 7965/- രൂപ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള ചെലവുകളുടെ പരിധിയിൽ വരുന്നില്ല | നിയമസഭാസമിതി (2016-19)യുടെ 29-ാമത് റിപ്പോർട്ട് ഖ.135-പ്രകൃതിദുരന്തം ഉണ്ടായപ്പോൾ ഗതാഗത തടസ്സം നീക്കുന്നതിന് ദുരിതാശ്വാസ നിധിയിൽനിന്ന് തുക ചെലവഴിച്ചത് ക്രമപ്രകാരമല്ല. പഞ്ചായത്ത് ഡയറക്ടർ വിഷയം പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാക്കണം |
| 2014-15 | 2-1 | 2016-17 | അനുബന്ധം-3 | വസ്തുനികുതി പരിഷ്കരണ നടപടികൾക്ക് ആധികാരിക സ്ഥിരീകരണമില്ല. | സമിതിയുടെ പരിഗണനയിലാണ് |
| 2014-15 | 2-2 | 2016-17 | അനുബന്ധം-4 | തൊഴിൽ നികുതി | സമിതിയുടെ പരിഗണനയിലാണ് |
| 2015-16 | 2-3-1, 2-3-2, 2-3-3 | 2016-17 | അനുബന്ധം-5 | തൊഴിൽ നികുതി | സമിതിയുടെ പരിഗണനയിലാണ് |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

കടനാട് ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം-20 പ്രകാരം ചാർജ്/സർച്ചാർജ് നടപടികൾ നിലനിൽക്കുന്ന ഖണ്ഡികയുടെ വിശദാംശം താഴെ ചേർക്കുന്നു.

| ഓഡിറ്റ് വർഷം | റിപ്പോർട്ട് നം./ തീയതി | ഖണ്ഡിക നം. | തുക | ഉദ്യോഗസ്ഥന്റെ പേരും വിലാസവും |
|---|---|---|---|---|
| 2009-10 & 2010-11 | എൽഎഫ്.കെ.പി7/991/12 തീയതി-11/01/2013 | 3-5ബി | 17,806/- | ശ്രീ.ജോഷി ജോസഫ്, അസിസ്റ്റന്റ് എഞ്ചിനീയർ, ചെത്തിമറ്റത്തിൽ വീട്, വഞ്ചിമല പി.ഒ., കാഞ്ഞിരപ്പള്ളി-686508. |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ്(മുന്നിരിപ്പ് ഉൾപ്പടെ) | : | 74251134 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 54008523 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 1056646 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക- നം. | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-21 | 43109 | ശ്രീ.ലിജോ ജോബ്, സെക്രട്ടറി |
| 1-26 | 136210 | ശ്രീ.ഡി അനിൽകുമാർ, സെക്രട്ടറി |
| 1-27 | 495000 | ശ്രീ.ലിജോ ജോബ്, സെക്രട്ടറി |
| 1-30 | 297202 | ശ്രീമതി നസീമ ഇ, ഐ.സി.ഡി.എസ്.സൂപ്പർവൈസർ |
| 1-31 | 85125 | ശ്രീമതി മെറീന തോമസ്, ഐ.സി.ഡി.എസ്.സൂപ്പർവൈസർ |
| ആകെ | 1056646 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ- ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ഇല്ല

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും മുൻവർഷങ്ങളിൽ പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ടുകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെയും പ്രസ്തുത റിപ്പോർട്ടുകൾ സംബന്ധിച്ച് അവസാനമായി പുറപ്പെടുവിച്ച അനന്തരക്കുറിപ്പ്/റിപ്പോർട്ട്, തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2000-01, 01-02 പ്ലാൻ | കെഎസ്എ.കെടിഎം.പി7/706 /03/02.02.05 | 12 |
| 2003-04 | കെഎസ്എ.കെടിഎം.പി7/അദാ.22 /1183(1)/01.08.22 | 4 |

| | | |
|---|---|---|
| 2004-05 | കെഎസ്എ.കെടിഎം.പി7/അദാ.22 /18/221(8)/18/6.3.18 | 6 |
| 2005-06 | കെഎസ്എ.കെടിഎം.പി7/അദാ.22 /63(2)/01.08.22 | 2 |
| 2006-07 | കെഎസ്എ.കെടിഎം.പി7/അദാ.22 /63(2)/01.08.22 | 2 |
| 2007-08 | കെഎസ്എ.കെടിഎം.പി7/അദാ.18 /221(12)/18/06.03.18 | 9 |
| 2008-09 | കെഎസ്എ.കെടിഎം.പി7/അദാ.22 /1183(4)/22/01.08.22 | 2 |
| 2009-10&2010-11 | കെഎസ്എ.കെടിഎം.പി7/അദാ.22 /1183(5)/22/01.08.22 | 13 |
| 2011-12 &2012-13 | കെഎസ്എ.കെടിഎം.പി7/അദാ.22 /1183(6)/22/01.08.22 | 6 |
| 2013-14&2014-15 | കെഎസ്എ.കെടിഎം.പി7/അദാ.22 /1183(7)/22/01.08.22 | 12 |
| 2015-16 | കെഎസ്എ.കെടിഎം.പി7/അദാ.22 /1183(8)/22/01.08.22 | 3 |
| 2016-17 | കെഎസ്എ.കെടിഎം.പി7/അദാ.22 /1183(9)/22/01.08.22 | 1 |
| 2017-18 | കെഎസ്എ.കെടിഎം.പി7/അദാ.22 /1183(10)/22/01.08.22 | 2 |
| 2018-19 | കെഎസ്എ.കെടിഎം.പി7/63 /2022(4)/29.08.22 | 15 |
| 2019-20 | കെഎസ്എ.കെടിഎം.പി7/1590 /2021/12.09.22 | 10 |
| 2020-21 | കെഎസ്എ.കെടിഎം.പി7/1591 /21/21.11.22 | 18 |

അവശേഷിക്കുന്ന ഖണ്ഡികകൾക്ക് വ്യക്തമായ മറുപടി അനുബന്ധരേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉൾപ്പടെ ഓഡിറ്റിൽ ഹാജരാക്കി ഖണ്ഡിക തീർപ്പാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം-കോട്ടയം

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോട്ടയം ജില്ലയിലെ കടനാട് ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോട്ടയം ജില്ലയിലെ കടനാട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്